
# GOVT. U.P.SCHOOL, HARIPAD




# അക്കാദമിക് മാസ്റ്റർ പ്ലാൻ



GOVT. U.P.S. Haripad, Alappuzha - 690 514

# നമ്മുടെ സ്കൂൾ എങ്ങനെയാകണം?

# 2025 – 2026

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ഗവൺമെന്റ് യുപിഎസ് ഹരിപ്പാട് |
| മേൽവിലാസം | : | ഹരിപ്പാട് പി. ഒ., ആലപ്പുഴ |
| ഫോൺ | : | 0 4 7 9 2 4 1 8 1 8 |
| സ്കൂൾ കോഡ് | : | 35432 |
| വിദ്യാഭ്യാസ ഉപജില്ല | : | ഹരിപ്പാട് |
| വിദ്യാഭ്യാസ ജില്ല | : | ആലപ്പുഴ |
| റവന്യൂ ജില്ല | : | ആലപ്പുഴ |
| ബി. ആർ. സി | : | ഹരിപ്പാട് |
| മുൻസിപ്പാലിറ്റി | : | ഹരിപ്പാട് |
| താലൂക്ക് | : | കാർത്തികപ്പള്ളി |
| ഇമെയിൽ വിലാസം | : | 35 432haripad@gmail.com |
| Face book | : | Govt.UP School Haripad |
| സ്കൂൾ വിക്കി | : | ഗവൺമെന്റ് യു. പി. എസ് ഹരിപ്പാട് |

# ഗവ. യു. പി. എസ്സ്, ഹരിപ്പാട്

സാംസ്കാരിക കേന്ദ്രമായ ഹരിപ്പാട് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നതും തലമുറകളായി ആയിരങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകുന്നതും നമ്മുടെ വിദ്യാലയമായ ഹരിപ്പാട് ഗവ. യു.പി സ്കൂളാണ്. 1857ൽ അന്നത്തെ തിരുവിതാംകൂർ റീജന്റ് ആയിരുന്ന ലക്ഷ്മിഭായിത്തമ്പുരാട്ടിയുടെ ഉത്തരവ് പ്രകാരം മാതൃഭാഷാ പഠനത്തിനായി സ്ഥാപിച്ച മൂന്ന് സ്കൂളുകളിൽ ഒന്നാണ് മലയാളം സ്കൂൾ എന്ന് പ്രസിദ്ധമായ ഹരിപ്പാട് ഗവ. യു .പി സ്കൂൾ. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്ന വ്യക്തികൾ ഈ സ്കൂളിൽ നിന്നും പഠനപൂർത്തിയാക്കിയിട്ടുള്ളവരാണ്. കേരളത്തിലെ പ്രസിദ്ധ ഭിഷഗ്വരനായ ഡോക്ടർ രാമകൃഷ്ണപിള്ള പ്രസിദ്ധ ചലച്ചിത്ര ചായ ഗ്രാഹകനായ ശ്രീ. സഞ്ജീവ് ശങ്കർ, മുൻ എം.എൽ. ശ്രീ. കെ. പി. രാമകൃഷ്ണപിള്ള, പാഠകവിദ്വാനായ ശ്രീ. പള്ളിപ്പാട് കേശവദേവ് തുടങ്ങി പല പ്രമുഖരും ഈ സരസ്വതീക്ഷേത്രത്തിൽ നിന്നും വിദ്യ പകർന്നു കിട്ടിയവരാണ്.

സാധാരണക്കാരുടെയും ന്യൂനപക്ഷങ്ങളുടെയും ഇടത്തരക്കാരുടേയും കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിന് ഈ സ്കൂൾ തുടർന്നുള്ള വർഷങ്ങളിലും പ്രതിജ്ഞാബദ്ധമാണ്. ഭൗതിക സാഹചര്യങ്ങൾ പരിമിതമാണ്. വ്യാപകരാണ് ഭൗതിക സാഹചര്യങ്ങൾ പരിമിതമാണ് ഇനിയും പുതിയ കെട്ടിടം നിർമ്മിക്കേണ്ടിയിരിക്കുന്നു. അതിനായുള്ള ശ്രമം തുടങ്ങേണ്ടിയിരിക്കുന്നു. കൂടുതൽ നിലവാരം കൈവരിക്കാൻ കൂട്ടായ പരിശ്രമം ആവശ്യമാണ് . അന്താരാഷ്ട്ര നിലവാരത്തിലേക്ക് സ്കൂൾ ഉയർത്താൻ വേണ്ട നടപടികൾ അധികാര സ്ഥാനങ്ങൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിച്ചു കൊള്ളുന്നു

# ആമുഖം

നമ്മുടെ രാജ്യമായ ഭാരതം വൈവിധ്യങ്ങളുടെ നാട് ആണല്ലോ വിവിധ ഭാഷകളും ആചാരങ്ങളും ജീവിതചര്യകളും വച്ചു പുലർത്തുന്ന ജനതതിയെ ഒന്നിച്ചു കോർത്തു നിർത്തുന്നത് നാനത്വത്തിൽ ഏകത്വം എന്ന മുദ്രാവാക്യമാണ് ഇതുതന്നെയാണ് ഇന്ത്യൻ ദേശീയതയും ലോകം അനുദിനം മാറിക്കൊണ്ടിരിക്കുകയാണ് അന്തർദേശീയ തലത്തിൽ പലവിധ നേട്ടങ്ങളും സാക്ഷാത്കരിക്കാൻ പറ്റിയ ലോകരാജ്യങ്ങളോടൊപ്പം ഇന്ത്യയും പ്രതിജ്ഞാബദ്ധമാണ് പൊതുജനാരോഗ്യരംഗത്തെയും വിദ്യാഭ്യാസരംഗത്തെയും അനുഗുണമായ പ്രവർത്തന പദ്ധതികൾ മൂന്നാം ലോക രാജ്യങ്ങളുടെ മുൻപന്തിയിലേക്ക് ഇന്ത്യയെ നയിക്കാൻ പ്രാപ്തമാണ് വിജ്ഞാനവും ആരോഗ്യവുമാണ് ഒരു ജനതയുടെ സാർത്ഥക സ്വപ്നങ്ങൾ.

ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ വിദ്യാഭ്യാസ മേഖലയിൽ കരിക്കുലം രൂപപ്പെടുത്തിയിട്ടുള്ളത് നിരന്തര ഗവേഷണങ്ങളിലൂടെയും നിരവധി കമ്മീഷൻ റിപ്പോർട്ടുകളുടെയും കണ്ടെത്തലുകളും ശുപാർശനങ്ങളുടെയും അടിസ്ഥാനത്തിലാണ് വൈവിധ്യം ഉള്ള സംസ്കാരങ്ങൾ നിലനിൽക്കുമ്പോഴും പൗരബോധവും ദേശീയതയും സഹിഷ്ണുതയും സമഭാവനയും രൂഢമൂലമാകുന്ന മനസ്സുകളാണ് നമ്മുടെ രാജ്യത്തെ നയിക്കേണ്ടത് ഇതിനുയോജ്യമായ പാഠ്യ പദ്ധതിയാണ് നമ്മുടെ സംസ്ഥാനമായി കേരളവും അനുവർത്തിക്കുന്നത് .

ദേശീയ വിദ്യാഭ്യാസനയത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ സിലബസ് ആണ് തുടരുന്നത് വിദ്യാഭ്യാസ അവകാശ നിയമം ഇന്ത്യൻ പാർലമെന്റ് പാസാക്കിയതോടുകൂടി മുഴുവൻ ജനവിഭാഗങ്ങളുടെയും ഭരണഘടനാപരമായ അവകാശമായി. വിദ്യാഭ്യാസ നിയമം മാറി സാമൂഹ്യ പിന്നോക്ക അവസ്ഥയും സാമ്പത്തിക അസമത്വങ്ങളും പാർശവത്കരണവും ഒന്നും തന്നെ ഒരു പൗരന്റെ വിദ്യാഭ്യാസ അവകാശത്തിന് തടസ്സമല്ല. പൊതുവായ ജീവിത ഗുണമേന്മ കൊണ്ട് ഇന്ത്യയ്ക്ക് മുഴുവൻ മാതൃക സംസ്ഥാനമാണ് കേരളം സമൂഹത്തിൽ എല്ലാ വിഭാഗം കുട്ടികളെ സ്കൂളിൽ എത്തിക്കാൻ കേരളത്തിൽ കഴിഞ്ഞിട്ടുണ്ട് നമ്മുടെ ലക്ഷ്യം ഗുണമേന്മയാണ് 1986 ലെ ദേശീയ വിദ്യാഭ്യാസ നയം വ്യക്തമാക്കുന്ന രീതിയിൽ നിരന്തരമായ പരിശീലനങ്ങളും മെച്ചപ്പെട്ട ഭൗതിക സാഹചര്യം സ്കൂളുകളെ നവ്യമായ പഠനകേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്.

സർവ ശിക്ഷാ അഭിയാനും ഡയറ്റും വിദ്യാഭ്യാസ വകുപ്പും എസ് സി ഇ ആർ ടി യും ചേർന്നുള്ള പ്രവർത്തന പദ്ധതികൾ കേരളത്തിലെ സ്കൂൾ അന്തരീക്ഷത്തെ കൂടുതൽ സുരഭിലമാക്കുന്നു. ഭിന്നശേഷിയുള്ള കുട്ടികളെയും പൊതുവിദ്യാലയത്തിലേക്ക് എത്തിക്കുവാൻ കഴിഞ്ഞത് ശ്ലാഘനീയമാണ് മലയാളത്തിളക്കം, ശ്രദ്ധ, തുടങ്ങിയവ കുട്ടികളുടെ പഠനം രസകരമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഒരു സ്കൂൾ അടുത്ത പത്ത് വർഷത്തിനുള്ളിൽ എങ്ങനെയാകണം എന്ന് വിഭാവനം ചെയ്ത കർമ്മ പദ്ധതി രൂപരേഖയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

# വിദ്യാഭ്യാസ അവകാശ നിയമം ലക്ഷ്യങ്ങൾ

- മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറ സൃഷ്ടിക്കാൻ പര്യാപ്തം ആണ്
- ദേശീയ വിദ്യാഭ്യാസ നിയമത്തിന്റെ വെളിച്ചത്തിൽ അവകാശ സാധിഷ്ഠിത വിദ്യാഭ്യാസ ഊന്നൽ നൽകൽ.
- അവസരതുല്യതയും സമത്വവും ലഭിക്കുന്ന വിദ്യാഭ്യാസത്തിനനു അനുസൃതമായത്
- ജ്ഞാന നിർമിതി എന്ന താത്വികമായ അടിത്തറയുള്ള പാഠ്യ പദ്ധതി
- സൗജന്യവും സാർവത്രികവുമായ വിദ്യാഭ്യാസം പഠനം നേട്ടം ഉറപ്പാക്കുന്നതിലൂടെ പ്രാധാന്യം നൽകൽ
- ഓരോ ക്ലാസിലെ വിവിധ വിഷയങ്ങളിലെ ഉള്ളടക്കം ദേശീയത ഉള്ളടക്കത്തോട് ഏകീകരിച്ചുകൊണ്ടുള്ള പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
- ശ്രേഷ്ഠ ഭാഷ മാതൃഭാഷ എന്നിവ വിലകൾ മലയാള ഭാഷാ പഠനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നു
- പ്രീ പ്രൈമറി വിദ്യാഭ്യാസ ഏകീകൃത പാഠ്യപദ്ധതി രൂപീകരിച്ച ഔപചാരിക വിദ്യാഭ്യാസത്തിന് ഭാഗമാക്കി മാറ്റൽ
- വിവരസാങ്കേതികം വിദ്യ പാഠ്യ വിഷയങ്ങളുടെ ഫലപ്രദമാക്കുന്നതിലേക്കുള്ള ഉപാധിയായി മാറ്റിയെടുക്കൽ
- വ്യത്യസ്തവും നൂതനവുമായ പഠനം തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അനുയോജ്യമായ വിലയിരുത്തലുകൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നു
- സമഗ്രവും നിരന്തരവുമായ വിലയിരുത്താൻ പഠന നേട്ടത്തിൽ ഉറപ്പുവരുത്തുന്നു
- ആരോഗ്യം കായിക വിദ്യാഭ്യാസം കലാ വിദ്യാഭ്യാസ പ്രവർത്തി പരിചയപ്പെടുന്ന എന്നിവ നിർബന്ധിത പാടിയ വിഷയങ്ങൾ ആക്കൽ
- വിശ്വ വിദ്യാഭ്യാസം നിയമത്തിന്റെ വെളിച്ചത്തിൽ അവകാശ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ
- 21-ാം നൂറ്റാണ്ടിലെ പഠിക്കൽ ആർജ്ജിക്കുന്ന തരത്തിൽ കാലോചിതമായി മാറ്റങ്ങൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്താൻ
- മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന തലമുറയെ സൃഷ്ടിക്കാൻ പര്യാപ്തമായ പാഠ്യപദ്ധതിയും പഠന പ്രവർത്തനങ്ങളും
- ജനാധിപത്യവും ദേശീയതയും പൗരബോധവും ഉള്ള തലമുറ രൂപപ്പെടുത്തൽ.

# അക്കാദമികം

അടുത്ത അഞ്ചുവർഷങ്ങൾ നടപ്പാക്കുവാനുള്ള പ്രവർത്തന പദ്ധതി.

- ഭാഷാ വികസനശേഷി
- ഇംഗ്ലീഷ് പഠന പരിപോഷണം
- ഗണിതശേഷി വികസനം
- ശാസ്ത്രപോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി നവീകരണം
- നാടകക്കളരി
- ജൈവവൈവിദ്ധ്യപാർക്ക്
- സാഹിത്യപോഷണ പരിപാടികൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- ഐ.ടി. പരിശീലനം
- സ്കൂൾ പത്രം/ ക്ലാസ്സ് പത്രം
- പ്രവൃത്തിപരിചയ പഠനം
- അഭിമുഖങ്ങൾ
- കലാ- കായിക പഠനം
- ദിനാചരണം

## 1. കുട്ടികളുടെ മാതൃഭാഷാ നിലവാരം

### നടത്തുന്ന പ്രവർത്തനങ്ങൾ

വിദ്യാലയത്തിൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടുന്ന കുട്ടി ഏഴാം ക്ലാസ് പാസായി പോകുമ്പോൾ മാതൃഭാഷയും ഹിന്ദി ഇംഗ്ലീഷ് എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തനാകണം.

മാതൃഭാഷയിൽ കുട്ടിയുടെ വർഗ്ഗവാസനങ്ങൾ ഉൾപ്പെടെ പ്രതികരിക്കുന്ന രചന പ്രവർത്തനങ്ങൾ എല്ലാ കുട്ടികളുടെയും പങ്കാളിത്ത ഉറപ്പാക്കി നടപ്പാക്കും. ഇതിനായി ഒരു ക്ലാസ്സിലെ സർഗാത്മക രചന സാധ്യതകൾ ലിസ്റ്റ് ചെയ്യൽ, ക്ലാസ് മുറിയിൽ പ്രയോഗിക്കൽ, രചനകൾ ചേർത്ത് പതിപ്പാക്കൽ, പതിപ്പുകൾ, അധ്യാപകർ കൈമാറി വായിക്കൽ, മികവുകൾ/ പോരായ്മകൾ കണ്ടെത്തി ചർച്ച ചെയ്യൽ എന്നിവ നടത്തും. കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ഒരുക്കുന്നതിനും തുടർ പരിപാടികൾ നടത്തുന്നതിനും കൂട്ടായി തീരുമാനിക്കും

**ചുമതല**

വിദ്യാരംഗം / കൺവീനർ / എസ് .ആർ .ജി കൺവീനർ / ക്ലാസ് അധ്യാപകർ

സാമ്പത്തികം

ക്ലാസ് തല പതിപ്പിനുള്ള ചെലവ്: 500 രൂപ

## 2. സർഗ്ഗവേളകൾ / ബാലസഭകൾ ശക്തിപ്പെടുത്തൽ

ലക്ഷ്യം

ക്ലാസ് മുറിയിൽ രൂപപ്പെട്ട ആവിഷ്കാര പ്രകടിത രൂപങ്ങൾ ബാലസഭ സർഗവേളകളിൽ അവതരിപ്പിക്കുന്നു.

പ്രവർത്തനങ്ങൾ

- രചനകളുടെ അവതരണം, മികവുകൾ/ പോരായ്മകൾ വിലയിരുത്തൽ - ചർച്ച
- ചർച്ചയുടെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതിനുള്ള അവസരം രചയിതാവിന് നൽകൽ.
- ബാലസഭ / സർഗവേള അജണ്ട മുൻകൂട്ടി നിശ്ചയിച്ച് പ്രസിദ്ധീകരിക്കൽ
- നടത്തിപ്പ് ചുമതല പൂർണമായും കുട്ടികൾക്ക് നൽകൽ.

ചുമതല

ക്ലാസ് അധ്യാപകർ / വിദ്യാരംഗം കൺവീനർ/ എസ്.ആർ.ജി കൺവീനർ/ സ്കൂൾ ലീഡർ, എം.പി.ടി.എ പ്രതിനിധി.

## 3. വായനാ സാമഗ്രികൾ ഉറപ്പാക്കൽ

1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠനത്തിന്റെ ഭാഗമായി വായിക്കേണ്ട സാമഗ്രികൾ/ പുസ്തകങ്ങൾ ലിസ്റ്റ് തയ്യാറാക്കി ശേഖരിക്കൽ.

- ക്ലാസ്സ് ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ
- വായനക്കാർഡുകൾ തയ്യാറാക്കൽ - കുട്ടികൾ / രക്ഷിതാക്കൾ/ അധ്യാപകർ
- വായനമൂല മെച്ചപ്പെടുത്തൽ - പഠനത്തിന് തത്സമയം ഉപയോഗിക്കൽ
- വായനയ്ക്കുള്ള സാമഗ്രികൾ, മാതൃസംഗമം ശിൽപശാലയിൽ തയ്യാറാക്കി ആകർഷകമായി എഴുതി വെയ്ക്കും.
- ബാലസാഹിത്യ മാസികകൾ, തളിര്, യുറീക്ക, കളിക്കുടുക്ക, ഡൈജസ്റ്റ് എന്നിവ വായന മൂലകളിൽ സ്പോൺസർഷിപ്പോടെ എത്തിക്കൽ.

ചുമതല

ക്ലാസ് അധ്യാപകർ / എച്ച്.എം/ എസ്.എം.സി

## 4. സർഗ്ഗ ചുമർ

സ്കൂളിന്റെ ഓഫീസിന് മുൻവശത്തായി ചുമരിൽ കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്ന സ്ഥിരം സംവിധാനം.

രൂപപ്പെടുത്തുന്ന സർഗ്ഗാത്മക സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും അഭിപ്രായങ്ങൾ എഴുതുന്നതിനും അവസരം - കുട്ടികൾ / രക്ഷിതാക്കൾ.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ

ന്നൊന്നായി നടപ്പിലാക്കി വരികയാണ്. വിദ്യാലയങ്ങളിൽ നവ ചൈതന്യം സൃഷ്ടിച്ചെടുക്കാൻ സാമൂഹ പങ്കാളിത്തത്തോടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അവയിൽ മലയാളഭാഷാ വികസനത്തിനുതകുന്ന "മലയാളത്തിളക്കം" "ശ്രദ്ധ" എന്നിവ മാതൃകാപരമാണ്.

ഭാഷാപഠനമികവിനായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നിലവാരമനുസരിച്ച് നൽകാവുന്നതാണ്. ആദ്യഘട്ടത്തിൽ ഭാഷയുടെ പ്രാഥമിക മേഖലകൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടും പിന്നീട് സർഗ്ഗശേഷിയ്ക്ക് ഊന്നൽ നൽകിയുമുള്ള പ്രവർത്തനങ്ങളാണ് നൽകേണ്ടത്.

**1. അക്ഷരം ഉറപ്പിക്കൽ**

- അടയാളം ഉറപ്പിക്കൽ
- അക്ഷരക്കാർഡ് നൽകൽ
- വാക്കുകൾ എഴുതിയ കാർഡ് നൽകൽ
- വാക്കുകൾ നിർമ്മിക്കൽ
- ചിത്രം – അടിക്കുറിപ്പുകൾ
- ചിത്രം – കഥ പറയൽ
- ചിത്രം – കഥ എഴുതൽ
- കഥ ബാക്കി എഴുതൽ
- കഥാ പുസ്തകം നൽകൽ
- സി.ഡി – ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ
- ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്

**II. കഥ, കവിത പരിചയപ്പെടൽ**

- ആസ്വാദനക്കുറിപ്പ്, വിശകലനക്കുറിപ്പ്, താരതമ്യക്കുറുപ്പ് ഇവ തയ്യാറാക്കൽ
- കഥാപാത്ര നിരൂപണം എഴുതൽ
- നാടകം നിർമ്മിച്ച് അഭിനയിക്കൽ
- സംഭാഷണ രൂപം തയ്യാറാക്കൽ
- കവിതയെ നാടകമാക്കൽ
- നിരൂപണക്കുറിപ്പ്, ഉപന്യാസ രചന, പ്രസംഗരചന ഇവ തയ്യാറാക്കൽ, ചുമർപത്രിക നിർമ്മാണം, കഥാ കവിതാരചനകൾ
- കഥയെ കഥാപ്രസംഗ രൂപത്തിലാക്കൽ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ നൽകാവുന്നതാണ്.

## എൽ.പി.തലം

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളേയും വിദ്യാലയത്തിലെത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് കേരളത്തിലെ വിദ്യാഭ്യാസരംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. അതേത്തുടർന്നാണ് പാഠ്യപദ്ധതിയെ ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവുമാക്കി കാലോചിതമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നത്. അറിവു പകർന്നു കൊടുക്കുക എന്ന ചിന്തയേക്കാൾ ക്ലാസ് മുറികൾ അറിവ് നിർമ്മാണത്തി

ന് തട്ടകം ആവുക എന്നതിലേക്കുള്ള മാറ്റം ഇതോടെ അർത്ഥവത്താവുന്നു അനു നിമിഷം മാറ്റങ്ങൾ വരുന്ന ഈ കാലഘട്ടത്തിൽ ബോധന ശാസ്ത്ര, പഠന മനശാസ്ത്രം എന്നിവയിലെ പുതിയ കണ്ടെത്തലുകളും പ്രായോഗികാനുഭവങ്ങളും കുറെ കൂടി മെച്ചപ്പെട്ട രീതിയിൽ പഠനസാമഗ്രികളുടെ നിർമ്മാണവും പഠനാനുഭവങ്ങളുടെ വിനിമയവും വിലയിരുത്തലും നടത്തുന്നതിന് നമ്മെ പ്രാപ്തരാക്കുന്നത് അന്തർദേശീയ നിലവാരം എന്നത് ഏതെങ്കിലും ഒരു രാജ്യത്തിന്റെ നിലവാരമല്ല. മറിച്ച് ഒരു പ്രത്യേക ഘട്ടം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളുടെയും അനുഭവങ്ങളുടെയും ആകെത്തുകയ്ക്ക് ഭാഷാ പരിസ്ഥിതി പഠനം, ഗണിതം, പ്രവർത്തി പരിചയം എന്നിവ സമഗ്രമായ അനുഭവങ്ങളിലൂടെയാണ് കുട്ടി അറിയുന്നത് എന്നതിനാൽ പഠന പ്രവർത്തനങ്ങളും സമഗ്രമാകണം ഇതിന്റെ അടിസ്ഥാനത്തിലാണ് ഒന്ന് രണ്ട് ക്ലാസുകളിൽ ഉദ്ഗ്രഥിത സമീപനം ആവശ്യമായി വരുന്നത്.

## മുഖ്യലക്ഷ്യം

- ശ്രവണത്തിലൂടെ ആശയങ്ങൾ ഗ്രഹിക്കുകയും ഭാഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ കൈമാറ്റം ചെയ്യപ്പെടുകയും ചെയ്യുന്നു.
- വായനാശേഷി വികസിപ്പിക്കാൻ പദ - ചിത്രക്കാർഡുകളുടെ ഫലപ്രദമായ ഉപയോഗം.
- ആശയങ്ങൾ വാക്യങ്ങളായി അവതരിപ്പിക്കുകയും പദങ്ങളുടെ എഴുത്ത് രൂപങ്ങൾ പരിചയപ്പെടുകയും അവ എഴുതാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു
- കുട്ടിക്ക് പരിസരത്തിലെ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പ്രകൃതിയെ സ്വയം പഠിക്കുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് നേടൽ.
- ഗണിത തലത്തിലെ അടിസ്ഥാനാശയങ്ങൾ മൂർത്തവസ്തുക്കളിലൂടെയും പ്രവർത്തനങ്ങളിലൂടെയും അവതരിപ്പിക്കുകയും നിത്യ ജീവിതത്തിൽ ഉപയോഗിക്കാനും ആസ്വദിക്കാനും ഗണിതത്തിനും പ്രസക്തി ഉണ്ടെന്ന് കണ്ടെത്തുക.

## ഭാഷാപരമായ പ്രവർത്തനങ്ങൾ

- സംഭാഷണത്തിൽ ഏർപ്പെടൽ
- കഥ- പാട്ട് കേൾക്കൽ - കേട്ടത് പറയൽ
- അക്ഷരക്കാർഡുകൾ - പദക്കാർഡുകൾ - വാക്യകാർഡുകൾ - വായന
- കഥാ ചിത്രങ്ങളിൽ നിന്നും കഥ രൂപപ്പെടുത്തൽ
- മണലിലെഴുത്ത് - കടലാസിലെഴുത്ത്
- കൈയ്യെഴുത്തു മാസിക
- ചുമർപത്രിക നിർമ്മാണം
- ഡയറിക്കുറിപ്പ് തയ്യാറാക്കൽ
- പത്രവായന
- ലൈബ്രറി പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ
- സാമ്പത്തികം : ആകെ ചെലവ് 5000 രൂപ
- ചുമതല : എസ്.ആർ.ജി / പി.ടി.എ
- സാമ്പത്തികം : ബുള്ളറ്റിൻ ബോർഡ് - 1000 രൂപ

സ്കൂൾ Facebook പേജ്

കുട്ടികളുടെ രചനകൾ സ്കൂൾ Facebook പേജിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കുക.

ചുമതല : സ്കൂൾ ഐ.ടി. അധ്യാപകൻ

സാമ്പത്തികം : ഇല്ല

സാഹിത്യകാരനുമായി അഭിമുഖം / കഥയരങ്ങ് / കവിയരങ്ങ് ലഭ്യമാക്കുന്ന എഴുത്തുകാരെ സ്കൂളിലേക്ക് ക്ഷണിക്കൽ, എഴുത്തനുഭവങ്ങൾ, പങ്കുവെയ്ക്കൽ, അഭിമുഖം

ചുമതല : എച്ച്.എം / വിദ്യാരംഗം / എസ്.ആർ.ജി കൺവീനർ

സ്കൂളിലെ പൊതു ചടങ്ങുകളിൽ സ്കൂളിലെ കഥാകൃത്തുക്കൾക്കും കവികൾക്കും അവതരിപ്പിക്കാനവസരം നൽകൽ.

<u>രചനകൾ പ്രസിദ്ധീകരിക്കൽ</u>

പുസ്തക അച്ചടി, പ്രകാശനം, ചർച്ച

ചുമതല : പഞ്ചായത്തു സമിതി/ പി.ടി.എ/ എസ്.ആർ.ജി

- എസ്.എം.സി
- എം.പി.ടി.എ
- വിദ്യാലയ സംരക്ഷണ സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടന
- എൽ.എസ്.ജി.ഡി
- എം.എൽ.എ / എം.പി.ഫണ്ട്
- മറ്റ് ഗവൺമെന്റ് ഏജൻസികൾ / എസ്.എസ്.എ

നവകേരള മിഷന്റെ പദ്ധതിയായ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ തുടർന്ന് മേൽ സൂചിപ്പിച്ച സമിതികൾ സജീവമായിട്ടുണ്ട്. അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ രൂപപ്പെടുത്തലും പദ്ധതി നിർവ്വഹണവും ഈ പിന്തുണാ സമിതികളുടെ സഹായം കൊണ്ടു മാത്രമേ സാർത്ഥകമാവുകയുള്ളൂ.

# സ്കൂളിലെ തനത് പ്രവർത്തനങ്ങൾ

## അക്ഷരപ്പുരയിലെ ആശാട്ടിയമ്മ

വിദ്യാർത്ഥികളിൽ അക്ഷരജ്ഞാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് "അക്ഷരപ്പുരയിലെ ആശാട്ടിയമ്മ" എന്ന പദ്ധതി ആരംഭിച്ചത്. പ്രീപ്രൈമറി മുതൽ രണ്ടാംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് വിരൽ തുമ്പുകൊണ്ട് മണ്ണിൽ എഴുതി പഠിയ്ക്കുന്നതിന് അവസരം നൽകുന്നു. മണ്ണിൽ എഴുതി പഠിയ്ക്കുമ്പോൾ അവരുടെ നാഡീ – ഗ്രാഫീ സമന്വയം ബുദ്ധിയെ ഉദ്ദീപിപ്പിയ്ക്കാൻ സഹായിക്കുന്നു. രാവിലെ 9 മുതൽ 9.45 വരെയുള്ള സമയം മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകൾ അധ്യാപകർ പരിശീലിപ്പിക്കുന്നു. മലയാം സ്കൂളിന്റെ അങ്കണത്തിലെ മരമുത്തശ്ശിയുടെ മടിത്തട്ടിലാണ് അക്ഷരപ്പുര ക്രമീകരിച്ചിരിയ്ക്കുന്നത്. ആശാട്ടിയമ്മയായി എല്ലാ ദിവസവും 2 അധ്യാപകർ ഉണ്ടാവും. പല പേരുകളിലായി 2022 മുതൽ ആരംഭിച്ച ഈ പ്രവർത്തനം സജീവമായി തുടരുന്നു.

## പച്ചക്കറിത്തോട്ടം

വിഷരഹിത പച്ചക്കറി ലക്ഷ്യമാക്കിഗവ.യു.പി.സ്കൂളിൽ ഹരിത പച്ചക്കറിത്തോട്ടം നിർമ്മിച്ചു. പച്ചക്കറികൾക്കായി അന്യസംസ്ഥാനങ്ങളെ ആശ്രയിച്ച് ലഭിക്കുന്ന വിഷം കലർന്ന പച്ചക്കറികൾ കഴിക്കുന്നതിലൂടെ കുട്ടികൾ അടക്കം നാം ഓരോരുത്തരും മാരകമായ അസുഖങ്ങൾക്ക് അടിമപ്പെടുന്നു. അതിൽ നിന്നും മോചനം ലഭിക്കുന്നതിനായി ഒരു നേർക്കാഴ്ച കാണിക്കുകയാണ് ഞങ്ങൾ. വെണ്ട, പച്ചമുളക്, വഴുതനങ്ങ, പയർ തുടങ്ങിയ പച്ചക്കറികളാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. ജനുവരിയോടുകൂടി മൂന്നാംഘട്ട വിളവെടുപ്പും നടത്താൻ സാധിച്ചു. കുട്ടികൾ കൃഷി നനയ്ക്കുവാനും വിളവെടുക്കുവാനും താല്പര്യം കാണിക്കാറുണ്ട്. തത്ഫലമായി വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കുവാനും അവർ ഏറെ താൽപര്യം പ്രകടിപ്പിച്ചു. വിഷരഹിത പച്ചക്കറിയിലൂടെ നാളെയുടെ ആരോഗ്യ സമ്പത്ത് വർദ്ധിപ്പിയ്ക്കുവാൻ സാധിക്കുമെന്ന ശുഭാപ്തി വിശ്വാസത്തോടെ ഇന്നും തുടരുന്നു.

## കുഞ്ഞു കരുതൽ

ഹരിപ്പാട് ഗവ. യു.പി.എസ് ലെ വിദ്യാർത്ഥികൾ ഏറ്റെടുത്ത മറ്റൊരു നന്മ പ്രവർത്തനമാണ് "കുഞ്ഞു കരുതൽ" വിദ്യാർത്ഥികൾ അവരുടെ പിറന്നാൾ ദിനത്തിൽ മിഠായി കൊണ്ടുവന്ന് വിതരണം ചെയ്യുന്നത് ഒഴിവാക്കി ഒരു പുണ്യ പ്രവർത്തനം ചെയ്യുന്നു. മിഠായി വാങ്ങുന്നതിനുള്ള പൈസ സ്കൂളിലെ കുഞ്ഞു കരുതൽ എന്ന ബോക്സിൽ നിക്ഷേപിക്കുന്നു. ഈ തുക സ്കൂൾ വാർഷികത്തിന് അർഹതപ്പെട്ടവർക്ക് വൈദ്യ സഹായത്തിനായി നൽകുന്നു. മിഠായി ഒഴിവാക്കുന്നതിനാൽ സ്കൂളിന്റെ പരിസരത്ത് നിന്ന് പ്ലാസ്റ്റിക്ക് ഒഴിവാക്കാൻ സാധിക്കുന്നു. കൂടാതെ കുഞ്ഞു മനസ്സുകളിൽ കരുണയും സഹാനുഭൂതിയും നന്മയുള്ള മനസ്സ് രൂപപ്പെടുന്നു.

## പുസ്തകത്തൊട്ടിൽ

2023-24 അധ്യയന വർഷത്തിൽ വായനയുടെ പരിപോഷണാർത്ഥം ആരംഭിച്ച ഒരു പ്രവർത്തനമാണ് പുസ്തകത്തൊട്ടിൽ. പ്രവേശന കവാടത്തോട് ചേർന്നുള്ള സ്കൂൾ കെട്ടിടത്തിൽ വർണ്ണ കടലാസ് കൊണ്ട് മനോഹരമായ ഒരു തൊട്ടിൽ നിറയെ കഥ, കവിത, യാത്രാവിവരണം എല്ലാം തൊട്ടറിയുന്ന അനവധി പുസ്തകങ്ങൾ ഒരുക്കി വെച്ചിട്ടുണ്ട്. ഒഴിവു സമയങ്ങളിലും മറ്റും കുട്ടികൾക്ക് ഇതിൽ നിന്നും പുസ്തകങ്ങൾ ശേഖരിച്ച് വായിക്കുവാൻ അവസരം നൽകുന്നു. മുതിർന്ന കുട്ടികൾ ചെറിയ കുട്ടികൾക്ക് പുസ്തകങ്ങൾ വായിയിച്ചു കൊടുക്കുകയും ചെയ്യുന്നു. വായനയെ അടുത്തറിയാൻ പ്രേരക ശക്തിയായ പുസ്തകത്തൊട്ടിൽ എന്ന പ്രവർത്തനം ഇപ്പോഴും അനസ്യൂതം തുടരുന്നു.

## TWINKLE THE ENGLISH ENHANCING PROGRAMME

In the light of right to education continuos and comprehensive evaluation has become a constitutional responsibility, we introduced the programme to improve the skills in english language of std IV students. We met the different needs of learners by flexibility selecting and adopting learning activities. These activities include the progress of students ability in speaking listening reading and writing. So the students can improve their confidence level in english communication.

### സമ്മാനപ്പെട്ടി

സ്കൂളിന്റെ അഭ്യുദയകാക്ഷികളായ മാന്യ വ്യകക്തിത്വങ്ങൾ സ്പോൺസർ ചെയ്തു തന്നിട്ടുള്ള വർത്തമാന പത്രങ്ങൾ കുട്ടികൾ താൽപര്യത്തോടുകൂടി വായിക്കുന്നതിന് വേണ്ടി നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതിയാണ് സമ്മാനപ്പെട്ടി. ദിനപത്രങ്ങളിൽ നിന്നും തയ്യാറാക്കി വാർത്ത ബോർഡിൽ പ്രദർശിപ്പിക്കുന്ന ചോദ്യങ്ങൾക്ക് ശരിയുത്തരം എഴുതി സമാനപ്പെട്ടിയിൽ നിക്ഷേപിക്കുവാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. ഉത്തരം പരിശോധിച്ച് ശരിയുത്തരം നൽകിയവരിൽ നിന്നും എല്ലാ മാസവും മൂന്നുപേർക്ക് സമ്മാനവും വർഷാവസാനം ഇവരിൽ നിന്നും തിരഞ്ഞെടുക്കുന്നവർക്ക് മെഗാസമ്മാനവും നൽകുന്നു. പത്രപാരായണത്തിൽ താൽപര്യം ജനിപ്പിക്കാൻ ഈ പരിപാടി സഹായകമാകുന്നുണ്ട്.

### സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലി സ്കൂൾ വർക്ക് ആരംഭിക്കുമ്പോൾ തന്നെ ആഴ്ചയിൽ 2 ദിവസം വീതം സ്കൂൾ അസംബ്ലി നടത്തുന്നത് ഏഴാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ ക്ലാസ് തിരിഞ്ഞ് അസംബ്ലികൾ നടത്തുന്നു. അവ വിദ്യാർത്ഥികളെ പൗരബോധമുള്ള കുട്ടികളായി വളരാൻ സഹായിക്കുന്നവയാണ്. മലയാളം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ സംയുക്ത ഭാഷകളിലും ഉള്ള അസംബ്ലികൾ കുട്ടികൾ നടത്തിവരുന്നു. ഗണിതം, ശാസ്ത്രം എന്നീ വിഷയങ്ങളിലും സംയുക്ത ഭാഷകളിലും ഉള്ള അസംബ്ലികൾ നടത്തിവരുന്നു. അവതരണ ശൈലി സദസ്സിനെ അഭിമുഖീകരിക്കാനുള്ള അവസരം ഇവ സ്കൂൾ അസംബ്ലിയിലൂടെ ലഭിക്കുന്നു. അധ്യാപകരുടെ നല്ല രീതിയിലുള്ള ഇടപെടലുകൾ ഈ പ്രവർത്തനത്തിന് ഉണ്ടാകുന്നുണ്ട്.

### ഭക്ഷ്യമേള

മില്ലറ്റ് വർഷത്തോടനുബന്ധിച്ച് സ്കൂളിലെ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾ കൊണ്ടുവന്ന റാഗി, ചോളം തുടങ്ങിയവ കൊണ്ടുണ്ടാക്കിയ പോഷക സമൃദ്ധമായ വിഭവങ്ങൾ പ്രദർശിപ്പിക്കുന്നു. കുട്ടികളിലെ പോഷകാഹാരക്കുറവിനെക്കുറിച്ചും, ജങ്ക് ഫുഡ് മൂലം ഉണ്ടാകുന്ന മാരക രോഗങ്ങളെക്കുറിച്ചും അധ്യാപകർ കുട്ടികളോട് സംസാരിക്കുന്നു. റാഗി, തിന എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തി ആരോഗ്യപൂർണമായ ഒരു തലമുറയെ വറുത്തെടുക്കുവാൻ ഈ ഭക്ഷ്യ മേളകളിലൂടെ സാധിക്കുന്നു.

### പലഹാരമേള

മൂന്നാം ക്ലാസ്സിലെ മലയാള പാഠഭാഗവുമായി ബന്ധപ്പെട്ട് പഠന പ്രവർത്തനമായ പലഹാരമേള നടത്താൻ തീരുമാനിച്ചു. എല്ലാ കുട്ടികളും അമ്മമാരുടെ സഹായത്തോടെ വിവിവിധതരം പലഹാരങ്ങൾ തയ്യാറാക്കി കൊണ്ടുവരാനുള്ള നിർദ്ദേശങ്ങൾ നൽകുന്നു. അവ ക്ലാസ്സിൽ പ്രദർശിപ്പിക്കും. പലഹാരങ്ങളുടെ പാചക കുറിപ്പുകളും കുട്ടികൾ ഹൃദിസ്തമാക്കുന്നു. എല്ലാ പലഹാരങ്ങളും രുചിച്ചു നോക്കുവാനുള്ള അവസരം കുട്ടികൾക്കും മേളയിൽ പങ്കെടുക്കുന്നവർക്കും ലഭിക്കും കുട്ടികൾക്ക് വീട്ടിൽ ഉണ്ടാക്കാ

വുന്ന പലഹാരങ്ങളുടെ ഗുണവും രുചിയും മൂല്യവും മനസ്സിലാക്കുന്നതിനുള്ള ഒരു അവസരമായി പല ഹാരമേള മാറിയിരിക്കുന്നു.

## LSS - USS പരീക്ഷാ പരിശീലനം

LSS - USS പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിന് വേണ്ടി നാലാം ക്ലാസിലേയും ഏഴാം ക്ലാസിലേയും കുട്ടികൾക്ക് വർഷാരംഭം മുതൽ തന്നെ സ്കൂളിൽ പ്രത്യേക പരിശീലന ക്ലാസുകൾ നൽകിയിരുന്നു രാവിലെ 9 മുതൽ 10 വരെയും വൈകിട്ട് 4 മുതൽ 5 വരെയുള്ള സമയങ്ങളിൽ ആണ് പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നത്.

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

സമൂഹത്തിൽ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും കുട്ടികളുടെ ബോധവൽക്കരണം എന്ന ലക്ഷ്യത്തോടെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. പ്രത്യേക അസംബ്ലിയിൽ വിദ്യാർഥികൾക്ക് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുന്നു ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സാമൂഹിക ആഘാതങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക, വിവിധ വകുപ്പുകളിൽ പ്രത്യേകിച്ച് എക്സൈസ് ഉദ്യോഗസ്ഥർ സ്കൂൾ സന്ദർശിക്കുകയും ബോധവൽക്കരണം നൽകുകയും ചെയ്യുന്നു.

## വിദ്യാലയത്തിലെ ലൈബ്രറി പ്രവർത്തനങ്ങൾ

ഏകദേശം 4000ത്തോളം പുസ്തകങ്ങൾ ഉൾപ്പെടുന്ന വിജ്ഞാന ഒരു ലൈബ്രറി സ്കൂളിന് സ്വന്തമായുണ്ട്. എല്ലാ വർഷവും ജൂൺ 19ന് വായനാദിനമായി ആചരിക്കുന്നതോടൊപ്പം തന്നെ ലൈബ്രറി പുസ്തകങ്ങളുടെ വിതരണവും ആരംഭിക്കുന്നു. വായനാവാരത്തിൽ പുസ്തകവായന , മത്സരം പത്രത്തിലെ പ്രധാന വാർത്ത കണ്ടെത്തൽ, പദങ്ങൾ എഴുതൽ, കഥാകഥനം, അമ്മ വായന, ടീച്ചർ വായന തുടങ്ങിയ വിവിധങ്ങളായ പരിപാടികളാണ് സംഘടിപ്പിക്കാറുള്ളത്. വിദ്യാർത്ഥികൾക്ക് രണ്ടാഴ്ചയിലൊരിക്കൽ പുസ്തകം വിതരണം ചെയ്യുന്നു. അമ്മ വായന ഈ വിദ്യാലയത്തിൽ രണ്ട് തലങ്ങളിലായി ആണ് നടത്തുന്നത് ആദ്യത്തെ പ്രൈമറി വിഭാഗം കുട്ടികൾക്ക് അമ്മമാർ കുഞ്ഞു പുസ്തകങ്ങൾ ചിത്രകഥ പുസ്തകങ്ങൾ എന്നിവ വായിച്ചു കൊടുക്കുന്നു ഇത്തരം വായന കുട്ടികൾക്ക് വളരെ ഉത്സാഹം നൽകുന്നു. വിദ്യാലയത്തിലെ ലൈബ്രറിയിൽ നിന്ന് അമ്മമാർ അവരുടെ അഭിരുചികൾക്ക് അനുസരിച്ചുള്ള പുസ്തകങ്ങൾ തിരഞ്ഞെടുത്തുള്ള വായനയാണ് രണ്ടാമത്തേത് ഈ രണ്ട് വിഭാഗത്തിലും അമ്മ വായന പ്രചുര പ്രചാരം നേടിയിരിക്കുന്നു.

## പത്രവായന

നമുക്ക് ചുറ്റുമുള്ള അറിവുകൾ പത്രവായനയിലൂടെ സ്വന്തമാക്കാൻ കുട്ടികൾക്ക് അവസരം നൽകുന്ന പരിപാടിയാണ് പത്രവായന. മാതൃഭൂമി, മനോരമ, മെട്രോ വാർത്ത തുടങ്ങിയ പത്രങ്ങൾ സ്കൂളിൽ വിവിധ അഭ്യുദയകാംക്ഷികളുടെ പങ്കാളിത്തത്തോടെ എത്തിക്കുന്നു. വീട്ടിൽ പത്രം വായിക്കാൻ അവസരം ഇല്ലാത്ത കുട്ടികൾക്ക് സ്കൂൾ അതിനുള്ള അവസരം നൽകുന്നു. രാവിലെയും ഉച്ചയ്ക്കുമുള്ള ഇടവേളകളിൽ അതിനുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു.

## സീഡ് ക്ലബ്ബ് പ്രവർത്തനം

സമൂഹനന്മ കുട്ടികളിലൂടെ എന്ന ലക്ഷ്യവുമായി മാതൃഭൂമി സീഡ് ക്ലബ്ബ് പ്രവർത്തനങ്ങൾ സ്കൂളിൽ നടക്കുന്നു. നല്ലൊരു സമൂഹജീവിയായി വളരേണ്ടതിനു കുട്ടികളെ പ്രാപ്തമാക്കുകയാണത്ത ക്ലബ്ബ് പ്രവർത്തനങ്ങളുടെ ലക്ഷ്യം. കാർഷിക രംഗത്തും ആരോഗ്യ രംഗത്തും നമ്മുടെ നാടിന്റെ പൈതൃക സംരക്ഷണത്തിലും എല്ലാം കുട്ടികൾ കടന്നുവരാനുള്ള മുന്നൊരുക്കമാണ് ക്ലബ്ബ് പ്രവർത്തനങ്ങൾ.

കുട്ടികൾക്ക് കൃഷിയുടെ പല്ല പാഠങ്ങൾ പകരുന്നതിനായി പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം, പൂന്തോട്ടം, ശലഭോദ്യാനം, അക്വേറിയം എന്നിവയെല്ലാം കുട്ടികളുടെ സഹകരണത്തോടെ നിർമ്മിക്കുന്നു. കുട്ടികളുടെ അച്ചടക്ക ക്രമീകരണത്തിനായി സീഡ് പോലീസ് ഭാവിയിലെ ന്യൂസ് റിപ്പോർട്ടർമാരെ വാർത്തെടുക്കാനുള്ള റിപ്പോർട്ടർ ലൈവ് ഫൈവ് സ്റ്റാർ മത്സരങ്ങൾ എന്നിവയെല്ലാം സ്കൂളിൽ കൃത്യമായി നടത്തിവരുന്നു.

## ഒരുപിടി നന്മ സഹായ പദ്ധതി

സാമൂഹിക സേവനം എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കാൻ ഉള്ള സംരംഭം കഴിഞ്ഞ രണ്ടു വർഷമായി 6 നിർധന കുടുംബങ്ങൾക്ക് എല്ലാ മാസവും കുട്ടികൾ നൽകുന്ന സഹായം കൃത്യമായി നൽകിവരുന്നു. കുട്ടികളിൽ നന്മ പ്രവർത്തനങ്ങളോടുള്ള താല്പര്യം ഉണ്ടാക്കുവാൻ ഈ പ്രവർത്തനം സഹായകരമാകുന്നു. എല്ലാ രക്ഷിതാക്കളും കുട്ടികൾ വശം സാധനങ്ങൾ സന്തോഷപൂർവ്വം എത്തിച്ചു നൽകി ഈ നന്മ പ്രവർത്തനത്തിൽ പങ്കാളികളാകുന്നുണ്ട്.

## ഹിന്ദി ഭാഷാ പരിപോഷണം വിവിധ പ്രവർത്തനങ്ങളിലൂടെ

ഹിന്ദി ഭാഷയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും പഠനം രസകരമാക്കുന്നതിനും വേണ്ടി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും വായന എഴുത്ത് എന്നിവയിൽ മികവ് നേടുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ അധിക സമയം കണ്ടെത്തി അധ്യാപകർ നടത്തുന്നു പഠനം രസകരമാക്കി പഠന പുരോഗതി നേടിയെടുക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന ഈ പ്രവർത്തനങ്ങൾ ഹിന്ദി പഠനത്തെ ലളിതവും രസകരവുമാക്കുന്നു. നമ്മുടെ രാഷ്ട്രഭാഷയോടുള്ള സ്നേഹവും ആദരവും കാത്തു സൂക്ഷിക്കുവാൻ സ്കൂൾതലത്തിലെ ഇത്തരം പ്രവർത്തനങ്ങൾ കുട്ടികൾക്ക് പ്രചോദനം നൽകുന്നു.

## സംസ്കൃതോത്സവം

ഭാഷയിലൂടെ ആണ് സംസ്കാരത്തെ അറിയുന്നത്. വിദ്യാർത്ഥികൾക്ക് സംസ്കൃത ഭാഷയിൽ അറിവ് വർദ്ധിപ്പിക്കുന്നതിനും ഭാഷയോടുള്ള താല്പര്യം വർധിപ്പിക്കുന്നതിനുമായി വിവിധ പരിപാടികൾ സ്കൂളിൽ സംഘടിപ്പിക്കുന്നു. ഭാരതീയ ഭാഷകളുടെ മാതാവായ സംസ്കൃത ഭാഷയെ അതിന്റെ സമീപിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു അതോടൊപ്പം സംസ്കൃത സ്കോളർഷിപ്പിന് സ്കൂൾതലത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്യുന്നു.

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതി അക്കാദമിക നിലവാരം ഉയർത്തും എന്ന ലക്ഷ്യബോധത്തോടെ വിവിധ മേഖലകളിൽ ഇടപെടലുകൾ. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം കാര്യക്ഷമമാക്കി നടപ്പാക്കുന്ന ഘട്ടമാണിത്. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാൻ സ്കൂൾ തലത്തിൽ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനുകൾ വികസിപ്പിക്കേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാനിനകത്തേക്ക് കുട്ടികളിൽ ഉളവാകേണ്ട മൂല്യബോധം വികസിക്കാനുള്ള പ്രവർത്തന പദ്ധതികൾ കൂടി ഉൾചേർക്കണം. ഓരോ ക്ലാസിലും ഉതകുന്ന വിധത്തിൽ മൊഡ്യൂളുകൾ തയ്യാറാക്കേണ്ടതുണ്ട്.

കുട്ടികളിൽ ഉളവാകേണ്ട ധാരണകൾ വികസിപ്പിക്കാനുള്ള തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. കുട്ടികളുടെ പഠന നില അറിഞ്ഞുകൊണ്ട് അവർക്ക് ആവശ്യമായ പഠന പിന്തുണ നൽകുക എന്നത് അനിവാര്യ ഘടകമാണത്. ഒരു ദിവസം ഒരു മണിക്കൂർ ഈ പ്രവർത്തനങ്ങൾക്ക് നീക്കി വെയ്ക്കണം. നാടകം, സെമിനാർ, ഡിബേറ്റ്, റോൾപ്ലേ എന്നിവ നടത്തുന്നു. എട്ട് മേഖലകൾ സംയോജിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

## സമഗ്ര ഗുണമേന്മ ക്യാമ്പയിൻ

ബോധവൽക്കരണ പരിപാടികൾ, വിദ്യാഭ്യാസ മികവിനായുള്ള പദ്ധതികൾ, പഠനോത്സവം, പ്രത്യേക പിന്തുണ സംവിധാനങ്ങൾ തുടങ്ങിയവ

## അക്കാദമിക മികവിനായുള്ള പ്രവർത്തനങ്ങൾ

ഭാഷ, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിലുള്ള അടിസ്ഥാന വിവരങ്ങൾ ഉറപ്പാക്കുക.

## വിലയിരുത്തലും തുടർ പ്രവർത്തനങ്ങളും

മൂല്യ നിർണ്ണയത്തെ പരിഷ്ക്കരിക്കുക, നൂതന പരീക്ഷാ രീതികളുടെ വിലയിരുത്തൽ, വിദ്യകളും ഉൾപ്പെടുത്തണം

## സാങ്കേതിക വിദ്യാസൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ഐ.സി.റ്റി സഹായത്തോടെ പുത്തൻ അറിവുകൾ ശേഖരിക്കുക, പുതിയ സാധ്യതകൾ, കുട്ടികളുടെ മുന്നിൽ എത്തിക്കുക, പഠനം ആകർഷകമാക്കുന്ന തരത്തിലുള്ള പഠന പ്രവർത്തനങ്ങളിൽ പങ്കാളികളാവുക.

## ഭരണപരമായ പ്രവർത്തനങ്ങൾ

മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തുക, കൃത്യമായ പരിശീലനം, കമ്മിറ്റികൾ, യോഗങ്ങൾ , ഡിജിറ്റൽ സംവിധാനം തുടങ്ങിയവ.

## ഗവേഷണ പ്രവർത്തനങ്ങൾ

പാഠപുസ്തക വിലയിരുത്തൽ, മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ, പരീക്ഷാ വിലയിരുത്തൽ, ഓരോ കുട്ടിയുടേയും നില മനസ്സിലാക്കിയുള്ള പ്രവർത്തനങ്ങൾ.

## പരിശീലന പ്രവർത്തനങ്ങൾ

പ്രീ സ്കൂൾ വിദ്യാഭ്യാസം, നവ അധ്യാപക സംഗമങ്ങൾ, അധ്യാപക സംഗമങ്ങൾ, പ്രഥമാധ്യാപക പരിശീലനം, എന്നിവ സംഘടിപ്പിക്കുക.

## സമിതികളും സഹകരണവും

സ്കൂൾ വികസനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക, സർക്കാർ വകുപ്പുകളുമായുള്ള സഹകരണം പ്രാദേശിക വിദ്യാഭ്യാസ സമിതികൾ, ജനകീയ കൂട്ടായ്മകൾ എന്നിവ ആസൂത്രണം ചെയ്യുക.

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാര-നാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരു-മായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം [illegible] (UP വായന)<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| Sl.No | Programme | Activity | Duration | ഉപാധികൾ | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടികളെ മികച്ച എഴുത്തുകാരാക്കുക (എഴുത്തുകൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സമ്പാദിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 months<br>Auditorium | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>ജനപ്രതിനിധി<br>P.T.A<br>Teachers |

## പ്രക്രിയാ ഘടകങ്ങൾ

- കാഴ്ചപ്പാട് പങ്കുവെയ്ക്കൽ (എസ്.ആർ.ജി)
- രൂപരേഖ തയ്യാറാക്കൽ
- ചർച്ച (എസ്.എം.സി, എസ്.ആർ.ജി)
- ക്രോഡീകരിക്കൽ
- വിഭവ സമാഹരണം
- സാമ്പത്തികം
- കാലയളവ്
- കരട് തയ്യാറാക്കൽ
- നക്കൽ പ്രസിദ്ധപ്പെടുത്തൽ
- പദ്ധതി നിർവ്വഹണം

## പരിസര പഠനം

- വിവരശേഖരണം
- രേഖപ്പെടുത്തൽ, അവതരിപ്പിക്കൽ
- ശേഖരണങ്ങൾ (ചിത്രങ്ങൾ, തൂവലുകൾ, ഇല, ആൽബം)
- ലഘു പരീക്ഷണങ്ങൾ
- ലഘു പ്രോജക്ടുകൾ
- സയൻസ് കോർണർ
- പഠന യാത്രകൾ

## ഗണിത പഠനം

- മൂർത്ത വസ്തുക്കൾ ഉപയോഗിച്ചുള്ള ഗണിത പഠനം (കല്ല്, മഞ്ചാടി, പുളിങ്കുരു, പൂച്ചക്കുട്ടിക്കായ്,
- മുത്ത്, ഈർക്കിൽ കെട്ടി)
- സംഖ്യാക്കാർഡുകളുടെ ഉപയോഗം
- സംഖ്യാ ചാർട്ടുകൾ
- സംഖ്യാ പിരമിഡുകൾ
- അബാക്കസ്
- സ്ഥാനവില പോക്കറ്റ്
- സംഖ്യാ ഗാനങ്ങൾ / ഗണിത കഥകൾ
- ഗണിത കേളികൾ
- ചോദ്യപ്പെട്ടി
- ഗണിത ക്വിസ്
- ഗണിതതോദ്യാനം
- ഹോണസ്റ്റി ഷോപ്പ് രൂപീകരണം, അവതരണം
- ആൽബം നിർമ്മാണം (ഗണിത ശാസ്ത്രജ്ഞർ, ഗണിത രൂപങ്ങൾ)

- വർക്ക് ഷീറ്റുകൾ

## പഠന പ്രവർത്തനം എന്ത് ? എങ്ങനെ?

പഠനം എന്നത് കളികളിലൂടെ, കഥകളിലൂടെ, നിരീക്ഷണങ്ങളിലൂടെ, അനുകരണങ്ങളിലൂടെ, പ്രവർത്തനങ്ങളിലൂടെ , ആരുടേയും നിർബന്ധത്തിലല്ലാതെ അനൗപചാരികവും സ്വാഭാവികവുമായ സന്ദർഭങ്ങളിലൂടെ സ്വന്തം താത്പര്യ ഫലമായി കുട്ടി പഠിയ്ക്കുമ്പോൾ യഥാർത്ഥ പഠനമാകുന്നു.

- പഠന പ്രവർത്തനങ്ങൾ എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലാകണം ആസൂത്രണം ചെയ്യേണ്ടത്.
- കുട്ടികൾക്ക് പ്രവർത്തിക്കാനുള്ള അവസരവും സ്വാതന്ത്ര്യവും നൽകുന്നതായിരിക്കണം
- പഠന പ്രവർത്തനങ്ങൾ
- മനോവ്യാപാരങ്ങളെ ഉണർത്തുന്നതാകണം
- ആരോഗ്യപരമായ മത്സരബുദ്ധി ഉപയോഗിച്ചായിരിക്കണം
- ആവശ്യമായ പഠനോപകരണങ്ങൾ ഉപയോഗിച്ചിരിക്കണം
- കുട്ടികളുടെ മാനസിക വികാസത്തിന്റെ അളവുകോലാണ് കളികൾ. എന്നതിനാൽ കളികളുടെ നിർണ്ണായക സ്വാധീനം പഠനപ്രവർത്തനങ്ങളിൽ പ്രതിഫലിക്കണം.

## പരിസര പഠനം 3,4 ക്ലാസ്സുകളിൽ

1. പരിസരപഠനം പ്രക്രിയാധിഷ്ഠിതമായിരിക്കണം. അതിനു വേണ്ടി നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി ലഘു പ്രോജക്ടുകൾ, വിവരശേഖരണങ്ങൾ എന്നിവയ്ക്കുള്ള അവസരം ലഭിക്കുന്ന രീതിയിൽ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കും.
2. എല്ലാ ക്ലാസ് മുറികളും സയൻസ് കോർണർ രൂപീകരിക്കുന്നു. ലഘു പരീക്ഷണങ്ങൾക്ക് വേണ്ടത്ര അവസരം നൽകുന്നു.
3. കുട്ടികളുടെ ശേഖരണങ്ങൾ ഉൾപ്പെടുത്തി വർഷത്തിൽ രണ്ടോ മൂന്നോ തവണ പ്രദർശനങ്ങളും സെമിനാറുകളും നടപ്പിലാക്കുന്നു.
4. വിലകുറഞ്ഞതും ഉപയോഗശൂന്യമായതും എളുപ്പത്തിൽ ലഭിക്കുന്ന വസ്തുക്കൾ ഉപയോഗിച്ച് ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്ന ശില്പശാലകൾ നടപ്പിലാക്കുന്നു.
5. ശാസ്ത്ര മാഗസിനുകൾ ക്ലാസ് തലത്തിൽ രൂപീകരിക്കുന്നു.
6. ക്ലാസ് തല സയൻസ് ക്ലബ്, കാർഷിക ക്ലബ്ബ് ,സാമൂഹ്യ ശാസ്ത്ര ക്ലബ് എന്നിവ രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
7. ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി പരിസര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
8. ലഘുയാത്രകൾ സംഘടിപ്പിക്കും
9. മൂന്ന് നാല് ക്ലാസുകളിൽ ശാസ്ത്രശേഖരങ്ങൾ, ചിത്രങ്ങൾ, ശാസ്ത്ര വിവരങ്ങൾ, കുട്ടിയുടെ സ്വന്തം ശാസ്ത്ര കണ്ടെത്തലുകൾ, നിരീക്ഷണക്കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുള്ള എന്റെ പരിസര പുസ്തകം എന്ന ശേഖരണ പുസ്തകം ഓരോ ടീമിലും കൃത്യമായി രൂപീകരിച്ച് വേദികളിൽ പ്രദർശിപ്പിക്കുന്നു.

10. ക്ലാസ് ലൈബ്രറിയിൽ ലഘു ശാസ്ത്ര മാസിക പുസ്തകങ്ങളും കൂടുതൽ ഉൾപ്പെടുത്തി വായിക്കാൻ അവസരം നൽകുന്നു.

11 അസംബ്ലിയിൽ ശാസ്ത്രജ്ഞൻമാരെക്കുറിച്ചുള്ള കുറിപ്പുകൾ വായിക്കാൻ അവസരം നൽകുന്നു.

12. ജൈവ വൈവിധ്യ പാർക്കുകളുടെ പ്രവർത്തനത്തിന് രക്ഷിതാക്കളെ ഉൾപ്പെടുത്തി കുട്ടികളെ പങ്കെടുപ്പിച്ച് തുടർ പ്രവർത്തനമായി നടത്തുന്നു.

13. ശുചിത്വം, ആരോഗ്യ ശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള ആരോഗ്യ പ്രവർത്തകരെക്കൊണ്ട് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

14. ശുചിത്വം, ആരോഗ്യശീലങ്ങൾ എന്നിവയെക്കുറിച്ചുള്ള പോസ്റ്ററുകൾ ക്ലാസ്സ് മുറികളിലും സ്കൂൾ പരിസരത്തും പ്രദർശിപ്പിക്കുന്നു.

15 കൃഷിയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കാൻ മികച്ച കർഷകരുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു.

16. പരമാവധി എല്ലാ മേഖലകളിലും ICT സാധ്യതകൾ ഉൾപ്പെടുത്തുന്നു.

## ശാസ്ത്രം

ശാസ്ത്രം സത്യമാണ്, പ്രവർത്തനാധിഷ്ഠിതമാണ് എന്നീ തത്വങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഇന്നത്തെ ക്ലാസ് മുറികളിൽ ശാസ്ത്രവിഷയങ്ങൾ കൈകാര്യം ചെയ്യുന്നത്. പഠനത്തെ പരിസരബുദ്ധിയും ജീവിതഗന്ധിയും ആക്കാനുള്ള ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി അതുവഴി സ്കൂൾ ക്യാംപസിന് ഒരു പാഠപുസ്തകമായി വികസിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. അങ്ങനെ ഓരോ സ്കൂൾ ക്യാപസും ഒരു ജൈവവൈവിധ്യ ഉദ്യാനമായി മാറുന്നു. ജ്ഞാന നിർമ്മാണ പ്രക്രിയ പരിസ്ഥിതി സൗഹൃദപരവും, പഠിതാവിന്റെ പ്രകൃതത്തിനു യോജിച്ചതും ആയിരിക്കണം. അന്വേഷണം പര്യവേക്ഷണം, ചോദ്യം ചോദിക്കൽ, ഡിബേറ്റുകൾ ആശയ സൃഷ്ടിയിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങൾ പുതിയ സങ്കല്പനങ്ങളിൽ എത്തിച്ചേരാനുള്ള പദ്ധതികൾ ഇവയെല്ലാം ചേർന്നതാകണം വരുംകാല ശാസ്ത്ര ക്ലാസ് മുറികൾ. ആർജ്ജിക്കുന്ന അറിവുകൾ പ്രായോഗിക തലത്തിലേക്ക് കൊണ്ടുവരുവാനും ശാസ്ത്രപഠനത്തിലൂടെ സ്ഥാപിക്കണം.

## ലക്ഷ്യം

### 1. ഇന്ദ്രിയാനുഭവങ്ങൾ നൽകുന്ന പഠനം

- കേട്ടറിവുമാത്രമല്ല പഠനം, എല്ലാ ഇന്ദ്രിയ അനുഭവങ്ങളും യോജിപ്പിച്ചുകൊണ്ടുള്ള പഠന ശൈലി ആവിഷ്ക്കരിക്കുന്നു. കേട്ടറിവ്, കണ്ടറിവ്, തൊട്ടറിവ്, വസ്തുക്കൾ നിർമ്മിക്കാനുള്ള അറിവ് എന്നിങ്ങനെ പല തലങ്ങളിലൂടെ സയൻസ് പഠന നേട്ടങ്ങൾ ആർജ്ജിക്കുന്നു.
- ക്ലാസ്സ് മുറികളിൽ നിന്നും മാത്രമല്ല ചുറ്റുപാടുകളിൽ നിന്ന് ആർജ്ജിക്കുന്ന അറിവുകൾ, ലൈബ്രറി ലാബ് എന്നിവയിൽ നിന്ന് സ്വായത്തമാകുന്ന ശേഷികൾ, ഇവയെല്ലാം പ്രായോഗിക തലത്തിൽ ഉപയോഗിക്കാൻ കഴിയുന്നവയാകണം.

### 2. സസയൻസ് പഠനം സംവാദാത്മകമായിരിക്കണം

ചചോദ്യങ്ങൾ ചോദിച്ചും , ഉത്തരങ്ങൾ കണ്ടെത്തി പറഞ്ഞും അതുമായി ബന്ധപ്പെട്ട പുതിയ ചോദ്യങ്ങൾ കണ്ടെത്തി അവതരിപ്പിച്ചും, അന്വേഷിക്കുക - കണ്ടെത്തുക എന്ന തലത്തിലേക്ക് സയൻസ് പഠനം ഉയരണം. കുട്ടികളുടെ ചെറിയ കണ്ടെത്തലുകൾ പോലും പ്രോത്സാഹിപ്പിക്കാൻ

വേദിയുണ്ടാകണം. അവരുടെ കണ്ടെത്തലുകൾ ചാർട്ടായി പ്രദർശിപ്പിക്കണം. അതിനായി സയൻസ് മൂലകൾ സ്ഥാപിക്കൽ, കുട്ടികളിലെ ആവേശം ജനിപ്പിക്കാനായി പത്ര - മാസികകളിൽ വരുന്ന പുതിയ കണ്ടുപിടിത്തങ്ങ ളെക്കുറിച്ചുള്ള വാർത്തകൾ ഒട്ടിക്കാനുള്ള ബോർഡുകൾ ഈ സയൻസ് മൂലകളിൽ ഉണ്ടാകണം. ചോദ്യങ്ങൾ ചോദിച്ചും ഉത്തരങ്ങൾ കണ്ടെത്തിയും സങ്കൽപനത്തിലൂടെയും പുതിയ ആശയങ്ങൾ രൂപവത്കരിക്കപ്പെടണം ക്ലാസ്സുകളിൽ ചർച്ചകളും സംവാദങ്ങളും രൂപപ്പെടണം.

## 2. സയൻസ് പഠനം സംവാദാത്മകമായിരിക്കണം

ചോദ്യങ്ങൾ ചോദിച്ചും, ഉത്തരങ്ങൾ കണ്ടെത്തി പറഞ്ഞും അതുമായി ബന്ധപ്പെട്ട പുതിയ ചോദ്യങ്ങൾ കണ്ടെത്തി അവതരിപ്പിച്ചും, അന്വേഷിക്കുക - കണ്ടെത്തുക എന്ന തലത്തിലേക്ക് സയൻസ് പഠനം ഉയരണം. കുട്ടികളുടെ ചെറിയ കണ്ടെത്തലുകൾ പോലും പ്രോത്സാഹിപ്പിക്കാൻ വേദിയുണ്ടാകണം. അവരുടെ കണ്ടെത്തലുകൾ ചാർട്ടായി പ്രദർശിപ്പിക്കണം. അതിനായി സയൻസ് മൂലകൾ സ്ഥാപിക്കൽ, കുട്ടികളിലെ ആവേശം ജനിപ്പിക്കാനായി പത്ര - മാസികകളിൽ വരുന്ന പുതിയ കണ്ടുപിടുത്തങ്ങളെക്കുറിച്ചുള്ള വാർത്തകൾ ഒട്ടിക്കാനുള്ള ബോർഡുകൾ ഈ സയൻസ് മൂലകളിൽ ഉണ്ടാകണം. ചോദ്യങ്ങൾ ചോദിച്ചും ഉത്തരങ്ങൾ കണ്ടെത്തിയും സങ്കൽപനത്തിലൂടെയും പുതിയ ആശയങ്ങൾ രൂപവത്ക്കരിക്കപ്പെടണം ക്ലാസ്സുകളിൽ ചചർച്ചകളും സംവാദങ്ങളും രൂപപ്പെടണം.

## 3. ശാസ്ത്രലാബ്

ലാബ് സൗകര്യങ്ങൾ ഇപ്പോൾ തന്നെ പ്രയോജനപ്പെടുത്തുന്നുണ്ടെങ്കിലും സുസജ്ജമായ ലാബ് പ്രവർത്തനം ഓരോ പാഠഭാഗത്തിനും അനിവാര്യമാണ്. അതിനായി ഒരു ക്ലാസ്സ് മുറി തന്നെ സജ്ജമാക്കി പ്രവർത്തനത്തോടൊപ്പം പഠനവും മുന്നോട്ടു കൊണ്ടുപോകുന്നു. എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പുവരുത്തി കൂട്ടായി ലാബ് പ്രവർത്തനങ്ങൾഡ ചെയ്യുന്നതിനാവശ്യമായ ലാബ്റും വിഭാവനം ചെയ്യുകയും ലാബ് റൂമിൽ വെച്ച് തന്നെ പരീക്ഷണ പ്രവർത്തനങ്ങൾ നടത്തി നിഗമനത്തിൽ എത്തിച്ചേരുക എന്നത് വളരെ പ്രാധാന്യം അർഹിക്കുന്നു. അങ്ങനെ ശാസ്ത്രസത്യങ്ങൾ മനസ്സിലാക്കി കുട്ടികൾ വളരുകയും കുട്ടികൾക്ക് ആർജ്ജിക്കാൻ കഴിയുന്ന ശേഷികൾ മാതാപിതാക്കളുടെ സംഗമവേദിയിൽ അവതരിപ്പിക്കാൻ കഴിയുന്നു. (ചുമതല - സയൻസ് ക്ലബ്ബ്, ചെലവ് - 5000 രൂപ)

## 4. ആരോഗ്യ - കായിക വിദ്യാഭ്യാസം

ആരോഗ്യ കായിക വികാസങ്ങളും വളർച്ചയുടെ അടിത്തറയാണ്. ആരോഗ്യ - കായിക ക്ലാസ്സുകൾ സംഘടിപ്പിക്കുക, കൗൺസിലിംഗ്, നേത്രപരിശോധനാ ക്യാമ്പ്, ഡോക്ടർമാരുമായി സംവദിക്കാനുള്ള വേദികൾ ഇവ ഓരോ അധ്യയന വർഷത്തിലും ക്ലാസ്സ് തലത്തിൽ ഒരുക്കുന്നു.

ശുചിത്വത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന ലഘു ലേഖകളുടെ പ്രസിദ്ധീകരണം, ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ സമീപത്തെ ഹെൽത്ത് സെന്ററുമായി ചേർന്ന് കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കൽ, ശുചിത്വവുമായി ബന്ധപ്പെട്ട വീഡിയോ - സി.ഡി പ്രദർശനം, ചുമതല - സയൻസ് ക്ലബ്ബ്, സ്കൂൾ പി.ടി.എ ചെലവ് - 2000 രൂപ.

## 5. ICT സാധ്യതകൾ ഉപയോഗപ്പെടുത്തിയുള്ള പഠനം

ഒരു പഠനഭാഗം തുടങ്ങുമ്പോൾ തന്നെ അതിനെ സംബന്ധിച്ച ചിത്രങ്ങൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ ലാപ്ടോപ്പിലൂടെ കുട്ടികളെ കാണിച്ച് അതിനെ സംബന്ധിച്ച ചോദ്യങ്ങൾ കുട്ടികളോടു ചോദിച്ച് അതിൽ നിന്നും അവർ തന്നെ ആശയരൂപീകരണത്തിലേക്കെത്തുന്ന പഠനം. അദ്ധ്യാപകരുടെ

സഹായത്തോടെ ക്രോഡീകരണം. അങ്ങനെ ആശയങ്ങൾ ദൃശ്യവത്ക്കരിക്കപ്പെടുമ്പോൾ കുട്ടികൾക്കുണ്ടാകുന്ന സന്തോഷവും അതിൽ നിന്നു കിട്ടുന്ന ശേഷിയും പ്രവചനാതീതമാണ്. ICT ഉപയോഗിച്ചുള്ള വർക്ക് ഷീറ്റ് ചെയ്യിക്കൽ. ഉപകരണങ്ങൾ തയ്യാറാക്കൽ ഇവയെല്ലാം അതിന്റെ നേട്ടങ്ങളാണ്.

**6. ഉപകരണ നിർമ്മാണം, ചെറിയ കൈതൊഴിലുകൾ പരിശീലനം**

പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ ക്ലാസ്സുകളിലും അധ്യാപകരും കുട്ടികളും ചേർന്ന് ഉപകരണങ്ങൾ നിർമ്മിക്കുന്നു. ഇവയുടെ നിർമ്മാണത്തിലൂടെ തത്വങ്ങൾ മനസ്സിലാക്കാനും വീട്ടിൽ ആവശ്യമായ സാധനങ്ങൾ നിർമ്മിക്കാനുമുള്ള ആർജ്ജിതശേഷി നേടുന്നു. അവരുടെ ഉപകരണങ്ങൾ പൊതുവേദികളിൽ പ്രദർശിപ്പിക്കാനുള്ള അവസരവും നൽകുന്നു. ബുക്ക് ബയന്റിംഗ്, സോപ്പു നിർമ്മാണം, ജൈവവള നിർമ്മാണം ഇങ്ങനെയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ ഏർപ്പെടുത്തൽ ഇതിലൂടെ തൊഴിൽ സന്നദ്ധത, വിൽപനയിലൂടെ പണ സമ്പാദനം ഭാവിയിലേക്കൊരു കരുതൽ, സമൂഹവുമായുള്ള ബന്ധം എന്നിവ രൂപപ്പെടുത്താൻ കഴിയും.

ചുമതല : സയൻസ് ക്ലബ്ബ്

**7. പഠനയാത്രകൾ, ഫീൽഡ്ട്രിപ്പ്, മേളകൾ, ശാസ്ത്രോത്സവങ്ങൾ**

- ശാസ്ത്രവുമായി ബന്ധപ്പെട്ട പഠനയാത്രകൾ
- നിർമ്മാണ യൂണിറ്റുകൾ സന്ദർശനം
- ISRO, Magic, Planet, FACT രാസവള നിർമ്മാണ യൂണിറ്റ്
- റേഡിയോ,ടെലിവിഷൻ സംപ്രേഷണത്തിന്റെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കാൻ ആകശവാണി, ചാനൽ സന്ദർശനം, എന്നിവ നിർമ്മിക്കുന്ന ഫാക്ടറി ഇവ കണ്ടതിനുശേഷം തയ്യാറാക്കുന്ന കുറിപ്പുകൾ, അവയുടെ മോഡലിലുള്ള നിർമ്മാണ യൂണിറ്റുകൾ തയ്യാറാക്കൽ മികച്ചവയ്ക്ക് സയൻസ് ക്ലബ്ബിന്റെ സമ്മാനം

8. ഓരോ ക്ലാസ്സ് മുറിയിലും സയൻസ് പുസ്തകങ്ങൾ അടങ്ങിയ അലമാര കുട്ടികൾ നിർമ്മിക്കുന്ന വസ്തുക്കൾ പ്രദർശിപ്പിക്കുന്നതിനുള്ള ഷെൽഫ് സയൻസ് വിഷയങ്ങളുമായി ബന്ധപ്പെട്ട് സെമിനാർ ഓരോ ടേമിലും ബാലസഭ, ചർച്ചാവേദികൾ ഒരുക്കൽ.

ഒരു കുട്ടി ശാസ്ത്രജ്ഞനെ കൊണ്ടുവന്ന് ഒരു പാഠഭാഗത്തെ ഒരു വിഷയവുമായി ബന്ധപ്പെട്ട സെമിനാർ, ക്ലാസ്സ് തല സംവാദം, അതിനോടൊപ്പം സ്കൂൾ തല ശാസ്ത്രമേളകൾ സംഘടിപ്പിക്കൽ, ശാസ്ത്ര ഉപകരണങ്ങൾ, തയ്യാറാക്കി ശാസ്ത്രോത്സവങ്ങൾ സംഘടിപ്പിക്കൽ (സെപ്റ്റംബർ, ഒക്ടോബർമാസം)

അതിനായി രക്ഷകർത്താക്കളുടെ പിന്തുണ

സയൻസുമായി ബന്ധപ്പെട്ട് സന്നദ്ധ സംഘടനകൾ രൂപീകരിക്കൽ

## ലഹരി – വിരുദ്ധ മനോഭാവം വളർത്തൽ

കുട്ടികളുടെ വീടുകൾ സന്ദർശിച്ച് ലഹരി – വിരുദ്ധ പോസ്റ്റർ നൽകൽ, ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ മനസ്സിലാക്കിക്കൊടുക്കൽ, വീഡിയോ സി.ഡി. പ്രദർശനം, ക്ലാസ്സുകൾ എന്നിവ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു.

## ശാസ്ത്ര – അസംബ്ലി, ദിനാചരണങ്ങൾ

ശാസ്ത്ര കണ്ടുപിടിത്തങ്ങളും, ശാസ്ത്രകാരന്മാരുടെ ജീവചരിത്രവും അസംബ്ലിയുടെ

ഭാഗമാക്കുന്നു. ദിനാചരണങ്ങളും അസംബ്ലിയുടെ ഭാഗമായി നടത്തുന്നു. ക്ലാസ്സ് തലത്തിലും ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു. അതിന്റെ ഭാഗമായി ക്വിസ്, പോസ്റ്റർ രചന, പ്രസംഗം എന്നിവ നടത്തുന്നു. ശാസ്ത്രകാരന്മാരുടെ ജന്മദിനങ്ങൾ ആചരിക്കുന്നു. പരിസ്ഥിതിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ, കർഷകദിനം എന്നിവ ചെടികൾ നട്ടുപിടിപ്പിച്ചും, കുട്ടികളുടെ വീടുകളിലെ കാർഷിക സന്ദർശനം നടത്തിയും ആചരിക്കുന്നു. ദിനാചരണങ്ങളുടെ കലണ്ടർ കുട്ടികളെക്കൊണ്ട് വരപ്പിക്കുന്നു.

## നിരീക്ഷണ പഠനം

പാഠ്യവസ്തുക്കളിൽ കൗതുകം ജനിപ്പിക്കാൻ ചുറ്റുപാടുകളിലേക്ക് ഇറങ്ങിച്ചെന്നുള്ള പഠനം

ഉദാ: ചുറ്റുപാടുകളിലുമുള്ള ചെടികൾ നിരീക്ഷിച്ച് അവ ആഹാരം പാകം ചെയ്യുന്ന രീതിയിലുള്ള വ്യത്യസ്തതകൾ അവയുടെ ഇലയുടെ പ്രത്യേകതകൾ വേരുകളുടെ പ്രത്യേകതകൾ എന്നിവ കണ്ടു മനസ്സിലാക്കി നിഗമനത്തിലെത്തുന്നു. തൊട്ടടുത്തുള്ള സംയോജിത കൃഷി ഫാം സന്ദർശിച്ച് അവയുടെ പ്രത്യേകതകൾ മനസ്സിലാക്കാം.

## സി.ഡി.പ്രദർശനം

പ്രൊജക്ടറുകൾ ഉപയോഗിച്ച് സയൻസുമായി ബന്ധപ്പെട്ട ഫിക്ഷൻ സിനിമകൾ, പാഠപുസ്തകവുമായി ബന്ധപ്പെട്ട ആശയങ്ങളുടെ സി.ഡി.പ്രദർശനം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ എന്നിവ മാസം തോറും സംഘടിപ്പിക്കുന്നു. ഇത് ശാസ്ത്രകൗതുകം വളർത്താൻ സഹായിക്കുന്നു. ഇവയിലൂടെ പഠനം ആയാസകരവും ആഹ്ലാദകരവുമാക്കുന്നു.

## ഗണിതം – അക്കാദമിക് ലക്ഷ്യം

നിത്യ ജീവിതത്തിൽ ഗണിതത്തിന് നിർണ്ണായകമായ സ്വാധീനം ഉണ്ടെന്ന വസ്തുതയ്ക്ക് അനുയോജ്യമായ വിധത്തിൽ ഗണിത ക്ലാസ്സുകളെ രൂപപ്പെടുത്തൽ.

- വ്യത്യസ്ത ജീവിത സാഹചര്യങ്ങളിൽ നിന്നും വരുന്ന പഠിതാക്കളുടെ കഴിവ് താല്പര്യം എന്നിവ കണക്കിലെടുത്ത് ആ വൈവിധ്യത്തെ ഉൾക്കൊണ്ട് വ്യക്തിവികാസം, ബഹുമുഖ സിദ്ധി ഇവ – പരിഗണിച്ചുകൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കുക.
- അളവുകളും തൂക്കങ്ങളും സംബന്ധിച്ച് പ്രായോഗിക പരിജ്ഞാനം
- അളവു മാനദണ്ഡങ്ങൾ പരിചയപ്പെടുത്തൽ
- തൂക്കവും മൂല്യവും പ്രായോഗിക തലത്തിൽ പരിചയപ്പെടുത്തൽ

## മെട്രിക് മേള

- ക്ലാസ്സ് / തലത്തിൽ – ചതുഷ്ക്രിയകൾ, സംഖ്യാപാറ്റേൺ
- എല്ലാ കുട്ടികളേയും പങ്കെടുപ്പിക്കുന്നു

## സ്കൂൾ തല ഗണിത മേള

ഗണിതത്തിന്റെ രസകരമായ സൂത്രവാക്യങ്ങൾ, ഗണിത കേളി ഗണിത ക്വിസ്, ഗണിത സെമിനാർ, – സാമഗ്രികളുടെ പ്രദർശനം (ഒക്ടോബർ)

ചുമതല : ഗണിത അദ്ധ്യാപകൻ / കൺവീനർ ഗണിത ക്ലബ്ബ്

## മറ്റ് വിഷയങ്ങൾക്ക് ആവശ്യമായ ഗണിതശേഷി നേടുന്നതിനുള്ള പ്രവർത്തനങ്ങൾ

- ശാസ്ത്ര തത്ത്വങ്ങളുടെ നിർവ്വചനം
- സമയം, ദൂരം, പ്രവേഗം, മാർഗ്ഗം, ത്വരണം, വിവിധ സമവാക്യങ്ങളുടെ രൂപീകരണം.

## ശാസ്ത്ര സെമിനാർ

യു. പി. ക്ലാസ്സുകൾ, ഗണിത തത്വങ്ങൾ അടങ്ങിയ തത്ത്വങ്ങൾ – സമവാക്യങ്ങൾ, രൂപങ്ങൾ, ഉല്പന്നങ്ങൾ, എന്നിവ ഉൾക്കൊള്ളിച്ചുള്ള പ്രബന്ധം.

ഇതിൽ നിന്നും ഒരു നിശ്ചിത സ്ഥലത്ത് വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ എങ്ങനം (എത്ര സമയത്തിനകം) എത്തിച്ചേരാം എന്ന് കണ്ടെത്തൽ.

## ഗണിത ലാബ് സജ്ജീകരിക്കൽ

- ഇന്ദ്രിയങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കും
- സ്വയം പഠനത്തിനും സഹപഠനത്തിനുമുള്ള അവസരങ്ങൾ ലഭ്യമാക്കും
- കുട്ടികളുടെ ഗണിത നിർമ്മിതികൾ പ്രദർശിപ്പിക്കാനുള്ള ഇടം ഒരുക്കും
- ചെലവ് കുറഞ്ഞ വസ്തുക്കൾ, പാഴ് വസ്തുക്കൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള എസ്. എസ്. ജി. രൂപീകരിക്കുക.
- ഐ. സി. റ്റി സാദ്ധ്യത ഉപയോഗപ്പെടുത്തും
- ഗണിത ലൈബ്രറി / ഗണിത മൂല – സജ്ജീകരിക്കും

ചുമതല ഗണിത ക്ലബ്ബ് – രൂപ 5000/-

## ഇംഗ്ലീഷ്

ലക്ഷ്യം : എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.

## പ്രവർത്തനങ്ങൾ

- പഠന നില കണ്ടെത്തൽ (പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് കണ്ടെത്തൽ)
- പരിമിതികൾ പരിഹരിക്കുന്ന പ്രവർത്തന പാക്കേജ് തയ്യാറാക്കൽ / ശേഖരിക്കൽ (ഒക്ടോബർ ആദ്യവാരം)
- ഇംഗ്ലീഷിലുള്ള അസംബ്ലി
- ഇംഗ്ലീഷ് ഡയറിക്കുറിപ്പ്
- ഓരോ ക്ലാസ്സിലും ഒരു ഇംഗ്ലീഷ് പരിപാടി വീതം അവതരിപ്പിക്കൽ
- ഇംഗ്ലീഷ് – ക്ലാസ്സ് ലൈബ്രറി, വായന സാമഗ്രി
- ഇംഗ്ലീഷ് – മാഗസിൻ, ലഘു കൃതികൾ, ഇംഗ്ലീഷ് ദിനപത്രം
- ഇംഗ്ലീഷ് തിയറ്റർ – ഡ്രാമ, ഫിലിം പ്രദർശനം
- പതിപ്പുകൾ, മാഗസിനുകൾ
- രചനാ ശിൽപശാലകൾ
- ഡമോൺസ്ട്രേഷൻ ക്ലാസ്സ്
- ഡമോൺസ്ട്രേഷൻ ക്ലാസ്സ്
- കത്ത് തയ്യാറാക്കുക
- പാഠഭാഗം സംഭാഷണ രൂപേണ അവതരിപ്പിക്കാൻ പറയാം

ചുമതല: ഗണിത ക്ലബ്ബ്

ഗണിത ടീച്ചർ കുട്ടികൾ-കോർഡിനേറ്റർ/ രക്ഷാകർത്താക്കൾ

സാമ്പത്തികം - 500/- രൂപ

# ഗണിത ക്ലാസുകൾ ആസ്വാദ്യമാക്കൽ

## പ്രവർത്തനങ്ങൾ

- ഗണിതാശയങ്ങൾ കഥ/പാട്ട് രൂപത്തിൽ അവതരിപ്പിക്കൽ
- ഗോലികൾ, പളുങ്കുകൾ, ഈർക്കിൽ, മഞ്ചാടി, പൊട്ടുകൾ എന്നിവ ഉപയോഗിച്ച് നേരിട്ട് ബോധ്യപ്പെടുത്തി പഠിപ്പിക്കുന്ന രീതി.
- ലാപ്ടോപ്പിൽ അമൂർത്തമായ ആശയങ്ങൾ ദൃശ്യവത്കരിച്ച് വിരൽത്തുമ്പിലൂടെ നേരിട്ട് സംവേദനം സാധ്യമാക്കൽ.
- ഗണിത ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രവും ചിത്രങ്ങളും പ്രദർശനം. അവരുടെ സംഭാവനകൾ ദൃശ്യവത്കരിക്കുന്നു.
- സാമൂഹ്യ ജീവിതത്തിൽ ഗണിതാശയങ്ങൾ വരുന്ന സന്ദർഭങ്ങൾ കണ്ടെത്തുന്നു..
- റെയിൽവേ സമയം മനസ്സിലാക്കൽ, കലണ്ടർ നോക്കി ദിവസം/മാസം/ വർഷം എന്നിവ കണ്ടെത്തൽ.
- ഗ്രഹങ്ങളെയും നക്ഷത്രങ്ങളെയും കുറിച്ച് പ്രാഥമികമായ അറിവുകൾ രൂപീകരിക്കൽ- ദിനരാത്രങ്ങൾ, സമയബോധം, ഭൂമിയുടെ ഭ്രമണം, പരിക്രമണം എന്നിവയിൽ ഗണിതത്തിനുള്ള സ്ഥാനം.
- ജൈവ വൈവിധ്യ പാർക്ക്/ പൂന്തോട്ടം നിർമ്മാണത്തിൽ ചതുഷ്ക്രിയകൾ, ഭിന്നസംഖ്യകൾ, കോണുകൾ എന്നിവ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കൽ.
- ഗണിതത്തിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ

## സംഖ്യാ വൃക്ഷം

- ചാർട്ടിൽ ഒരു ആൽമരത്തിന്റെ ചിത്രം വരയ്ക്കുന്ന ഓരോ ചില്ലയിലും ഒരു കൂട്ടം പക്ഷികൾ ഇരിക്കുന്നു.
- ഒരേ ഇനത്തിൽ വരുന്ന പക്ഷികളെ തരം തിരിക്കാൻ കുറെ പക്ഷികൾ പറന്നു പോയി. ശേഷിക്കുന്നവയുടെ എണ്ണം കണ്ടെത്തൽ.

## ദൂരവും വേഗവും സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾ

- നിശ്ചിത മീറ്റർ ദൂരത്തിൽ വിവിധ കുട്ടികൾ എത്തിച്ചേരുന്ന സമയം കണ്ടുപിടിക്കുന്നതിനുള്ള മത്സരം, തുടർന്ന് ആർജ്ജിച്ച വേഗത പട്ടികപ്പെടുത്തുന്നു.

# ENGLISH

AIM

To attain the ability to read,write and speak in english effectively.

ACTIVITIES

- To find out the level of learning:-
- To held a pre-list for the students Make them read,write (small sentences) and speak.
- Provide more activities to improve the limitations of knowledge:- Give opportunties to draw a picture and write some words related to it, provide reading materials,discussions,group activities,self introduction etc.
- English Assembly:-Ensure the participation of all the students,conduct class wise English assembly once in a month. Prayer, Pledge, command, news reading, Thought for the day,Proverb expansion, Speech, Quiz, Poems etc. are the different items.
- English Diary:-Make the habit of write a diary contains personal feelings,simple sentences,narrate incidents and anecodotes (happenings) emotionally.
- Various modes for expression of ideas:-Some modes of linguistic expression are as important as writing skills (recitation, singing,acting, sketching, speaking)
- English-class library,Reading materials for the succesful completion of the learning activities,libraries,language labs,Teaching aids, Display board,computer lab,multimedia Devices etc should be properly utilized.
- English Magazine: Let them make English Magazine which includes creativity of the students, Posters, Slogans, Speeches, Poems, Stories, Profiles, short stories, Quiz, famous quotes, Historical importance of places, crossword puzzels, Riddles, Descriptions, Conversation, Pictures, Placards,etc.

- Readers Theatre:- It is the joint dramatic reading of a text by learners.It is done with no memorization.The emphasis is on the oral expression of the text rather than on acting and oostumes. It increasing their skills as readers, writers, listeners and speakers. This can be done by choose a script, Adapt the script, Assign parts, Hightlights parts and rehearse and perform.
- Grammar class:- To held grammar class in every month including all students.
- Simple Language Projects:- Learners are expected to classify and analyse the data they have collected and write brief report on them.
- School fest:- Each students got an oppurtunity to participate in the school fest. Songs,Speeches, dances,drama,skit,choreography, collections, Slogans, Posters Rhymes,Role play, Monoact etc can be performed.
- Daily : English Teacher (Each class/PTA

  Finance : Total expense 5000/-

  Duty : S.R.G /PTA

  Finace : Bulletin board 1000/-

**School Blog**

High quality digital Audio visuals like sounds&pictures of animals, pictures of famous personalities, Speech, meanings, proverbs, language games, dramas, poems, choreography, Radio Theatres etc were published in the school blog.

Duty : School.I.T. Teacher.

Finace : No

Interviews with famous personalities. Invite famous poets, writers etc in the school &make discusssion with him. Prepare questionaries for interviewing, prepare notices,Posters, Placards etc...

Duty : D.H.M./S.R.G Governor.

**PUBLISH THEIR PRODUCTS:**

Invite AEO,or School H.M for Publishing. Ensures participation of all the children. Invite LSGD members & PTA, for organizing, helping and make their function colourfull.

# ഹിന്ദി പഠനം

## ലക്ഷ്യം

വൈവിദ്ധ്യമാർന്ന സംസ്കാരങ്ങളുടെ നാടായ ഇന്ത്യയുടെ രാഷ്ട്രഭാഷയായ ഹിന്ദി അനായാസേന പ്രയോകരുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ.

## പ്രവർത്തനങ്ങൾ

- ഭാഷയുടെ അടിസ്ഥാന അംശങ്ങൾ കുട്ടികളിൽ എത്തിക്കൽ
- ലിപി - തിരിച്ചറിയൽ - എഴുത്തും വായനയും
- നിത്യജീവിതത്തിൽ ആവശ്യമുള്ള ഹിന്ദി പദങ്ങൾ കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരം ലഭ്യമാക്കൽ.
- 🕮 റേഡിയോ/ ലാപ്ടോപ്പ് എന്നിവയിലൂടെ ഹിന്ദി സംഭാഷണവും ദൃശ്യവും - പ്രദർശിപ്പിക്കൽ.
- 🕮 ബാലാസാഹിത്യം - ചിത്രകഥ, സരളമായി പഠിക്കാനുള്ള - ഹിന്ദിമൂല - സജ്ജീകരിക്കൽ ചുമതല - ഹിന്ദി ക്ലബ്ബ്/S.R.G /HM. പുസ്തകങ്ങൾ, മാസികകൾ ചിത്രകഥകൾ, അക്ഷരചാർട്ട്, ഫ്ളാഷ് കാർഡ് ചിത്രച്ചാർട്ടുകൾ എന്നിവ ക്ലാസ്സിൽ ഒരുക്കും.

  സാമ്പത്തികം 1000/- രൂപ

## ഹിന്ദിയിൽ ആശയവിനിമയം നടത്തുന്നതിന്

### പ്രവർത്തനങ്ങൾ

- സിനിമ/ഡ്രാമ/ദൃശ്യം കാണിക്കും - കുട്ടികൾ സംഭാഷണം തയ്യാറാക്കൽ
- സ്കിറ്റുകൾ അവതരിപ്പിക്കൽ
- ഗ്രൂപ്പായി കുട്ടികളെ പങ്കെടുപ്പിക്കും
- സംഭാഷണം പറയുമ്പോൾ - തർജ്ജുമ ചെയ്യണം.
- അഭിനേതാക്കൾ - ഹിന്ദി സംഭാഷണം ഗ്രഹിച്ച് അവതരിപ്പിക്കണം. മറ്റു ഗ്രൂപ്പുകൾ വിലയിരുത്തണം.
- സ്കൂൾ തലത്തിൽ ഹിന്ദി നാടകം അവതരിപ്പിക്കൽ

  ചുമതല - ഹിന്ദി ടീച്ചർ/S.S.G/MPTA (നവംബർ IInd Week)

  സാമ്പത്തികം - 500/- രൂപ
- ഹിന്ദി അഭിനേതാക്കളെ അനുകരിച്ച് അവതരിപ്പിക്കൽ - (I.C.T)

### പ്രവർത്തനം

- അതിലെ പദങ്ങൾ കാർഡിൽ എഴുതി പ്രദർശിപ്പിക്കുകയും അർത്ഥം വ്യക്തമാക്കുകയും ചെയ്യുന്നു.

- ഉചിതമായ മലയാളപദം കണ്ടെത്തി എഴുതി അവതരിപ്പിക്കൽ.
- ചുമർപത്രിക - തയ്യാറാക്കൽ - അതിൽ നിന്ന് ആശയമെടുത്ത് മാഗസിൻ രൂപത്തിലാക്കുന്നു.

## ഹിന്ദി മാഗസിൻ

- ക്ലാസ് തല ഹിന്ദി മാഗസിൻ എഡിറ്ററെ തെരഞ്ഞെടുക്കുന്നു.
- സൃഷ്ടികൾ സ്വീകരിക്കുന്നതിന് നോട്ടീസ് നൽകൽ
- അനുയോജ്യമായവ തെരഞ്ഞെടുക്കൽ-എഡിറ്റിംഗ് (പത്രാധിപസമിതി, ടീച്ചർ)
- പേജുകളിൽ പകർത്തൽ/ലേ ഔട്ട്
- പ്രകാശനം
- സാന്നിദ്ധ്യം രക്ഷിതാക്കൾ, വാർഡ് കൗൺസിലർ, ഹിന്ദി ടീച്ചർ ലരേ

## ഹിന്ദിയിൽ ആശംസാകാർഡുകൾ തയ്യാറാക്കൽ

**പ്രവർത്തനം**

ചാർട്ടു പേപ്പർ ആകർഷകമായ ആകൃതിയിൽ മുറിച്ചെടുക്കുന്നു. വിവിധ വർണ്ണങ്ങൾ ഉപയോഗിച്ച് ആകർഷകമാക്കുന്നു. ഡിസൈൻ ചെയ്യുന്നു. ഹിന്ദിയിൽ കുട്ടികളുടെ മേൽവിലാസം എഴുതുന്നു. ആശയം ഹിന്ദിയിൽ-ലേഖനം ചെയ്യുന്നു. ആശംസാകാർഡുകൾ പരസ്പരം കൈമാറുന്നു.

- തയ്യാറാക്കിയ ആശംസാകാർഡുകളുടെ പ്രദർശനം

## ഹിന്ദി അസംബ്ലി

- യു.പി.ക്ലാസ്സുകൾ ആഴ്ചയിലൊരു ദിവസം സ്കൂൾ അസംബ്ലിക്കു നേതൃത്വം നൽകുന്നു.
- ഹിന്ദി ക്ലബ്ബ് ലീഡർ നേതൃത്വം നൽകുന്നു.
- പ്രാർത്ഥന, പ്രതിജ്ഞ ഹിന്ദി പത്രവാർത്ത/ ചിന്താവിഷയം/ദേശഭക്തി ഗാനം എന്നിവ തയ്യാറാക്കൽ.
- പ്രവർത്തനനങ്ങളെല്ലാം സാമൂഹ്യ പങ്കാളിത്തത്തോടെ നടപ്പാക്കൽ.

## വൃക്ഷ മുത്തശ്ശിയെ ആദരിക്കൽ

- പോസ്റ്റർ/ നോട്ടീസ് തയ്യാറാക്കൽ
- പൊന്നാട ചാർത്തുന്നു, വൃക്ഷത്തെ കമനീയമാക്കുന്നു.
- വൃക്ഷസ്നേഹം വെളിവാക്കുന്ന കവിത ചൊല്ലുന്നു-പ്രഭാഷണം നടത്തുന്നു.
- മധുര പലഹാരങ്ങൾ വിതരണം ചെയ്യുന്നു.

| നമ്പർ | പ്രവർത്തനം | കാല ദൈർഘ്യം | ക്ലാസ് |
|---|---|---|---|
| | ഹിന്ദി നാടകോത്സവം (വിവിധ ക്ലാസുകളിൽ നിന്ന് വിദ്യാർത്ഥികളെ തിരഞ്ഞെടുത്ത്"<br>1. "വിദ്യാർത്ഥികൾക്ക് ക്യാമ്പ്"<br>• കഥാവായന<br>• കഥാരചന<br>• സ്ക്രിപ്റ്റ് റൈറ്റിംഗ്<br>• എഡിറ്റിംഗ്<br>• അഭിനയ പരിശീലനം<br>• ഹിന്ദി നാടകങ്ങൾ കാണാനുള്ള അവസരം<br>• ഹിന്ദി നാടക അഭിനേതാക്കൾ, ലേഖർ എന്നിവരുടെ അഭിമുഖ്യം, ശില്പശാലകൾ<br>• ക്ലാസ്തല അഭിനയ പരിശീലന അവസരം<br>• വേദികളിൽ അവതരണത്തിന് അവസരം<br><br>പി.റ്റി.എ, സി.പി.റ്റി.എ, കോർണർ പി.റ്റി. എകളിൽ അവതരണം, സ്കൂൾവാർഷികം<br><br>• ഡോക്യുമെന്റേഷൻ, ഐറ്റി സാധ്യത ഉപയോഗിച്ച്<br>• അധ്യാപക ഹിന്ദി നാടകോത്സവം<br>• ഹിന്ദി തിയേറ്റർ സജ്ജീകരിക്കു | 1 വർഷം | 5, 6, 7<br>അധ്യാപകർ |
| | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം<br>• ഹിന്ദി ഡോക്യുമെന്ററി,സിനിമകാണാനുള്ള അവസരം<br>• വാർത്തകൾ കേൾക്കാനുള്ള അവസരം<br>• ഹിന്ദി ലേഖകരുമായുള്ള വീഡിയോ കോൺഫറൻസ്<br>• ഹിന്ദി കവിതകൾ ഓഡിയോ കേൾക്കാനുള്ള അവസരം<br>• സ്കൂൾതല റേഡിയോ സ്റ്റേഷനിൽ ഹിന്ദിക്ക് സമയം നൽകി വാർത്താവതരണം,ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക.<br>• ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്കുകൂടി പഠനയാത്രകൾ പ്ലാൻ ചെയ്യുക. | 6 മാസം<br><br>1 വർഷം | 5-7 |

# സാമൂഹ്യശാസ്ത്രം

## ലക്ഷ്യം

സാമൂഹിക അവബോധമുളവാക്കുന്ന തലമുറയെ വാർത്തെടുക്കൽ

- വ്യത്യസ്ത സാമൂഹ്യ സാമ്പത്തിക പശ്ചാത്തലമുള്ള ജീവിത സാഹചര്യങ്ങളിൽ നിന്നു വരുന്ന കുട്ടികളെ സമഭാവനയുടെ ലോകത്തേക്ക് ആനയിക്കുകയും വർണവൈവിധ്യമുള്ള ഒരു രാജ്യത്തിന്റെ ദേശബോധവും ചരിത്രവും വളർന്നു വരുന്ന തലമുറയിൽ ഉറപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ.

## പ്രവർത്തനങ്ങൾ

- ഇൻഡ്യയുടെ സാംസ്കാരിക പൈതൃകത്തെക്കുറിച്ചുള്ള അറിവ്.
- അനേക സംസ്കാരങ്ങളും ഭാഷകളും മതങ്ങളും ഉള്ള നാടാണ് ഇന്ത്യ. ചരിത്രക്കുറിപ്പുകളിലൂടെ വ്യക്തമാക്കൽ.
- ദേശീയ നേതാക്കളുടെ ലഘു ജീവചരിത്രം (വിക്കിപീഡിയ ഉപയോഗിച്ച്) പഠിപ്പിക്കുന്നു.
- ദേശീയോദ്ഗ്രന്ഥന ഗാനം അവതരിപ്പിക്കൽ
- എല്ലാ സംസ്കാരങ്ങളെയും ബഹുമാനിക്കുന്നതിനുള്ള ശേഷി വളർത്തുന്നു.
- "നാനാത്വത്തിൽ ഏകത്വം" എന്ന ആശയം ഉറപ്പിക്കുന്നു.
- സ്വാതന്ത്ര്യ സമരചരിത്രം വിഷയമാക്കിയുള്ള സിനിമാ പ്രദർശനം, വ്യത്യസ്ത ആചാരങ്ങളെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം.
- രാജ്യത്തിന്റെ കാലികമായ സാമൂഹ്യവിഷയങ്ങൾ ഉൾക്കൊള്ളിച്ചുള്ള സെമിനാർ.

## എല്ലാ കുട്ടികളെയും പങ്കാളികളാക്കാൻ കഴിയുന്ന നൈതികത സ്കൂളിൽ സൃഷ്ടിക്കുന്ന പ്രവർത്തനം.

- സ്വാതന്ത്ര്യദിനം
- റിപ്പബ്ലിക് ദിനം
- ഗാന്ധി ജയന്തി
- ശിശുദിനം

തുടങ്ങിയ ദിനാചരണങ്ങളിൽ ദേശബോധം വളർത്തുന്നതിന് ആകർഷകമായ രീതിയിൽ പരിപാടികൾ സംഘടിപ്പിക്കും.

- മാഗസിനുകൾ ,ചുമർപത്രികൾ, പതിപ്പുകൾ
- ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഉൽപ്പന്നം

- കണ്ടെത്തലുകളും സൃഷ്ടികളും പ്രദർശിപ്പിക്കാനും അതു വഴി സാമൂഹ്യാംഗീകാരം നേടാനും കുട്ടിയെ പ്രാപ്തനാക്കുന്നു.

## ബുള്ളറ്റിൻ ബോർഡ്

- സാമൂഹ്യ ശാസ്ത്ര ക്ലാസ്സിൽ ശേഖരിക്കപ്പെടുന്ന ചിത്രങ്ങൾ, പട്ടികകൾ, ഗ്രാഫുകൾ തുടങ്ങിയവയുടെ പ്രദർശനം

## ആൽബം തയ്യാറാക്കൽ

- കാര്യക്ഷമമായ സാമൂഹ്യശാസ്ത്ര പഠനത്തിന് ഉതകുന്ന ശേഖരണ പ്രവർത്തനങ്ങൾ പ്രാഥമിക തല ക്ലാസ്സുകൾ മുതൽ ആരംഭിക്കും. ചെറിയ കാർഡു മുതൽ വില വരുന്ന ആൽബങ്ങൾ വരെ തുടർച്ചയായ പ്രവർത്തനത്തിലൂടെ വികസിപ്പിച്ചെടുക്കും.
- നാണയങ്ങൾ
- സ്റ്റാമ്പുകൾ
- ഇലകൾ/ തൂവലുകൾ
- ചരിത്ര സ്മാരകങ്ങൾ
- പതാകകൾ
- നവോത്ഥാന നായകന്മാർ
- സ്വാതന്ത്ര്യ സമര ചരിത്രം

## സർവ്വേ

- ഒരു പ്രദേശത്തെക്കുറിച്ച് പഠിക്കുന്നതിനും വിഷയാധിഷ്ഠിതമായി തയ്യാറാക്കിയ ചോദ്യാവലിയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതുമായ പ്രവർത്തനം.
- ഏരിയാ തിരഞ്ഞെടുക്കൽ
- അറിയേണ്ട വിഷയം കണ്ടെത്തുന്നു/ കാൻസർ രോഗികൾ/കുടി വെള്ള ലഭ്യത/ കുടുംബങ്ങൾ /തൊഴിൽ സർവ്വേ
- ലഭ്യമായ വിവരങ്ങൾ ക്രോഡീകരിക്കുന്നു
- വിശകലനം ചെയ്യുന്നു.
- നിഗമനത്തിലെത്തൽ
- റിപ്പോർട്ടു പ്രസിദ്ധീകരിക്കൽ

## ഫീൽഡ് ട്രിപ്പ്.

ചരിത്രമുറങ്ങുന്നതും സാംസ്കാരിക പൈതൃകം ഉൾക്കൊള്ളുന്നതുമായ സ്ഥലങ്ങൾ സന്ദർശിക്കുന്നു.

- കൃഷ്ണപുരം കൊട്ടാരം
- ശങ്കേഴ്സ് മ്യൂസിയം
- കുഞ്ചൻ നമ്പ്യാർ സ്മാരകം
- അനന്തപുരം കൊട്ടാരം
- എൻ.ടി.പി.സി പ്ലാന്റ്
- കരീലക്കുളങ്ങര ബുദ്ധ പ്രതിമ തുടങ്ങി മറ്റു ചരിത്ര സ്മാരകങ്ങളും സന്ദർശിക്കുന്നു.

## സാമൂഹ്യശാസ്ത്ര ലാബ് തയ്യാറാക്കൽ

പഠനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ഭൂപടങ്ങൾ, ചാർട്ടുകൾ, പട്ടികകൾ, അറ്റ്ലസ്, ഗ്ലോബ്, ഇതെല്ലാം ക്രമപ്പെടുത്തി വച്ചിരിക്കുന്ന ഇടം.

- കുട്ടികൾ ശേഖരിക്കുന്ന വസ്തുക്കൾ, കമ്പ്യൂട്ടർ, എൻ.സി.ഡി എന്നിവ സജ്ജീകരിക്കണം.
- ചരിത്ര പുസ്തകങ്ങളും ഭൂമിശാസ്ത്ര പുസ്തകങ്ങളും ശേഖരിച്ചു വയ്ക്കൽ.

## അഭിമുഖം

- സൈനികനുമായി അഭിമുഖം
- കർഷകനുമായി അഭിമുഖം
- സാമൂഹ്യ പ്രവർത്തകനുമായി അഭിമുഖം
- ട്രാഫിക് നിയമങ്ങൾ മനസ്സിലാക്കുന്നതിന്
- പൗരബോധം/സ്ത്രീസുരക്ഷ - വക്കീലുമായി അഭിമുഖം.

## ദിനാചരണങ്ങൾ

- പ്രദർശനങ്ങൾ
- പ്രശ്നോത്തരികൾ
- സംവാദം
- നക്ഷത്ര നിരീക്ഷണം

## ഭൂപട പഠനം

- വിവിധ ഭൂപടങ്ങൾ പരിചയപ്പെടുന്നു (പൊളിറ്റിക്കൽ, മറൈൻ etc)
- അറ്റ്ലസ് പഠനം
- ഭ്രമണം, പരിക്രമണം

## ഗ്ലോബ്

- അക്ഷാംശം, രേഖാംശം പരിചയപ്പെടൽ.
- അറ്റ്ലസ്, ഗ്ലോബ് എന്നിവയുടെ സഹായത്തോടെ വിവിധ രാജ്യങ്ങളുടെ അക്ഷാംശ രേഖാംശങ്ങൾ കണ്ടെത്തൽ.

## സാമൂഹ്യശാസ്ത്ര ക്ലബ്ബ്

- സാമൂഹികാവബോധം വളർത്തുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ.
- റോഡു നിയമങ്ങളെക്കുറിച്ചുള്ള ക്ലാസ്.
- സ്കൂൾ തല പ്രദർശനങ്ങൾ
- പുരാതന കലകളുടെ അരങ്ങുകൾ സന്ദർശനം

## കൃഷി രീതികൾ

* പാരമ്പര്യ കർഷകനുമായി അഭിമുഖം/ക്ലാസ്സ്
* കാർഷിക – ഉപകരണങ്ങളുടെ പ്രദർശനം
* വിവിധ വിത്തുകളുടെ ശേഖരണം
* ഭാരതത്തിലെ മറ്റു കൃഷി രീതികൾ – സി.ഡി.പ്രദർശനം

<u>ഉപസംഹാരം</u>

പൂർണ്ണമായും അക്കാഡമിക തലത്തിൽ നൂതനമായ കാഴ്ചപ്പാടോടുകൂടി പ്രവർത്തിക്കുന്ന സ്കൂളുകളുടെ പട്ടികയിലേക്ക് ഹരിപ്പാടിന്റെ സുവർണ്ണ നക്ഷത്രമായ ഗവ.യു.പി.സ്കൂൾ ഉയരുന്നതിനായി ഈ അക്കാഡമിക മാസ്റ്റർ പ്ലാൻ എല്ലാ ആത്മാർത്ഥ തയോടും കൂടി പൊതു സമൂഹത്തിന്റേയും അദ്ധ്യാപക വൃന്ദത്തിന്റേയും അഭ്യുദയകാം ക്ഷികളുടേയും കൈകളിലേക്ക് സമർപ്പിച്ചുകൊണ്ട്.

ഹെഡ്മാസ്റ്റർ & സ്റ്റാഫ്